കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.lfa.kerala.gov.in**

# ആനാട് ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്
**2017-18**

ജില്ലാ ഓഡിറ്റ് കാര്യാലയം,
തിരുവനന്തപുരം.

***e-mail:lfadtvm@yahoo.in***
***dotvm.ksad@kerala.gov.in***

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം. ജി.പി.**6/2251/2018**

കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം.
ഫോൺ 0471-2331231
e-mail- *lfadtvm@yahoo.in*
*dotvm.ksad@kerala.gov.in*

തീയതി : 30.10.2018

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന),
ആനാട് ഗ്രാമപഞ്ചായത്ത്.

സർ,

വിഷയം :- ആനാട് ഗ്രാമപഞ്ചായത്ത് -2017-18 സാമ്പത്തിക വർഷത്തിലെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആനാട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,തിരുവനന്തപുരം
3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.റ്റി.വി.എം. ജി.പി.**6/2251/2018**

തീയതി **30.10.2018**

<u>തിരുവനന്തപുരം ജില്ലയിലെ ആനാട് ഗ്രാമപഞ്ചായത്തിന്റെ **2017-18** സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.</u>

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

തിരുവനന്തപുരം ജില്ലയിലെ ആനാട് ഗ്രാമപഞ്ചായത്തിന്റെ **2017-18** സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1.4.2017 മുതൽ 28.9.2018 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. **30** അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ **30** എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

<u>ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : ശ്രീ.സാജൻലാൽ,എസ്.ജെ<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : 22.09.2018 മുതൽ<br>29.09.2018 വരെ |

<u>ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് |
|---|---|
| ശ്രീമതി.ശ്രീജ.കെ | ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.ലതാകുമാരി.എം | ഓഡിറ്റ് ഓഫീസർ |
| ശ്രീ.പ്രേംനാഥ്.ജി.കെ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീമതി തനൂജ.എം എൻ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീമതി.രേഖ.സി.എസ്. | സീനിയർ ഗ്രേഡ് ഓഡിറ്റർ |

<u>നിർവ്വഹണാധികാരികൾ</u>

| | പേര്, മേൽവിലാസം | കാലയളവ് |
|---|---|---|
| പ്രസിഡന്റ് | ശ്രീ. ആനാട് സുരേഷ്, ശ്രീഭഗവതി , പുഷ്പക്കോണം, ആനാട്.പി.ഒ | 1.4.2017 മുതൽ 31.3.2018 വരെ |
| സെക്രട്ടറി | ശ്രീ.ജെയിംസ്.പി.ജെ, പി.എൽ.ആർ എ,ടി സി 4/1146, കവടിയാർ. | 01.04.2017 മുതൽ 05.06.2017 വരെ |
| | ശ്രീമതി പത്മജാതോമസ്, | 06.062017 മുതൽ 11.06.2017 വരെ |
| | ശ്രീ.ബി.റഫീക്ക്, അൽ ഫജ്ർ,ഗുരുകുലം നഗർ , പേരൂർക്കട. | 12.06.2017 മുതൽ 31.03.2018 വരെ |

<u>നിർവ്വഹണോദ്യോഗസ്ഥർ</u>

| ഉദ്യോഗപ്പേര് | ഉദ്യോഗസ്ഥന്റെ പേര്, വിലാസം | കാലയളവ് |
|---|---|---|
| കൃഷിഓഫീസർ | ശ്രീമതി ദീപ,നന്ദനം, ബാപ്പുജി നഗർ, പോങ്ങുംമൂട്. | 01.04.2017മുതൽ 31.03.2018 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (എ സർക്കിൾ) | 1.ശ്രീ. പ്രവീൺ.എം, പ്രവീൺ നിവാസ്, കാവുവിള<br><br>2.ശ്രീമതി രഞ്ജിത.ആർ, എസ് കെ.വി നിവാസ്. ആനാട് | 1.4.2017 മുതൽ 13.06.2017 വരെ<br><br>14.06.2017മുതൽ 31.03.2018 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ബി സർക്കിൾ) | ശ്രീമതി സഫീന.എസ്, പുത്തൻകെട്ടിടം, കന്യാകുളങ്ങര പി.ഒ | 01.04.2017മുതൽ 09.06.2017 വരെ |
| | ശ്രീ.പ്രദീപ്കുമാർ.വി.ആർ, മണലിയിൽ പുത്തൻവീട്, പുലിപ്പാറ പി.ഒ | 10.06.2017മുതൽ 31.03.2018 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി കല, ഷീജ ഭവൻ,പഴവടി, നെടുമങ്ങാട് | 01.04.2017മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ - പി.എച്ച്.സി | ഡോ.മനോജ് കുമാർ.പി ആർ, സതാര്യ, സാരാഭായി നഗർ-29 കരകുളം പി.ഒ | 01.04.2017 മുതൽ 31.03.2018 വരെ |

| | | |
|---|---|---|
| ഹെഡ്മാസ്റ്റർ | ശ്രീ.വിജയൻനായർ,<br>നൈമിഷാരണ്യം,<br>ആനാട്. പി.ഒ | 01.04.2017<br>മുതൽ<br>31.03.2018 വരെ |
| അസിസ്റ്റന്റ്എഞ്ചിനീയർ | ശ്രീമതി രമാ ദേവി.ബി .ആർ,<br>കൃഷ്ണകൃപ,<br>സുവർണ്ണ നഗർ, കുളപ്പട.പി.ഒ | 01.04.2017<br>മുതൽ<br>31.03.2018 വരെ |
| വെറ്ററിനറി സർജൻ | ഡോ.അഖില,ഉത്രാടം.<br>കൊഞ്ചിറ.P.O,<br>വെമ്പായം | 01.04.2017<br>മുതൽ<br>31.03.2018 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി<br>സെക്രട്ടറി ഇൻ ചാർജജ് | 1.ശ്രീമതി പത്മജ തോമസ്,<br><br>2.സുരേഷ് ബാബു എസ്,<br>ചിറക്കരേടത്ത് വീട്,<br>വെട്ടിക്കവല.പി.ഒ,<br>കൊല്ലം | 01.04.2017മുതൽ<br>07.07.2017വരെ<br><br>08.08.2017മുതൽ<br>31.03.2018<br>വരെ. |

ഉള്ളടക്കം

ഭാഗം - I

| ക്രമ. നം | വിഷയം | ഖണ്ഡിക നം. |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകളുടെ വിവരം | 1-11 |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-12 |

ഭാഗം - II

വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

| ക്രമ. നം | വിഷയം | ഖണ്ഡിക നം. |
|---|---|---|

| | | |
|---|---|---|
| 1 | ബജറ്റ് രൂപീകരണം- നടപടിക്രമം പാലിച്ചില്ല | 2-1 |
| 2 | ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല | 2-2 |
| 3 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. | 2-3 |
| 4 | D&O ലൈസൻസ് - വരവ് നിർണ്ണയിക്കുന്നതിലും ഫീസ് പിരിക്കുന്നതിലും അപാകതകൾ | 2-4 |
| 5 | തൊഴിൽ നികുതി - അപാകതകൾ | 2-5 |
| 6 | സേവന നികുതി ചുമത്തുന്നില്ല | 2-6 |
| 7 | സഞ്ചയ സോഫ്റ്റ് വെയറിൽ ഡാറ്റാ പ്യൂരിഫിക്കേഷൻ പൂർത്തിയാക്കിയിട്ടില്ല | 2-7 |

## ഭാഗം - III

ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

| ക്രമ. നം | വിഷയം | ഖണ്ഡിക നം. |
|---|---|---|
| 1 | പ്രിന്റിംഗ് ചാർജിനത്തിലെ ചെലവ്- ചട്ടങ്ങൾ പാലിച്ചിട്ടില്ല-തുക തടസ്സപ്പെടുത്തുന്നു | 3-1 |
| 2 | പുതിയ എൽഇഡി വിളക്കുകൾ വാങ്ങൽ മാനദണ്ഡങ്ങൾ പാലിച്ചില്ല. അപാകങ്ങൾ | 3-2 |
| 3 | ജി.ഐ.എസ് മാപ്പിങ്ങ്-വെബ് ആപ്ലിക്കേഷൻ നടപ്പിലായില്ല-പദ്ധതി ഫലപ്രാപ്തി നേടിയില്ല. | 3-3 |
| 4 | വരൾച്ച കുടിവെള്ള പദ്ധതികൾ -അംഗീകൃത അടങ്കലിനേക്കാൾ അധികം തുക ചെലവു ചെയ്തു -ചെലവിന്റെ അക്കൗണ്ടിംഗിൽ അപാകം | 3-4 |
| 5 | കാർഷികമേഖലയിലെ പദ്ധതി നടത്തിപ്പ്- അപാകങ്ങൾ–ഫലപ്രാപ്തിക്ക് കൂടുതൽ ജാഗ്രത ആവശ്യമാണ്. | 3-5 |
| 6 | അളവു പുസ്തകത്തിലെ രേഖപ്പെടുത്തലിൽ പിശക് - 4754/-രൂപ നിരാകരിക്കുന്നു | 3-6 |
| 7 | ഇ-ടെണ്ടർ പ്രകാരം ടെണ്ടർ ക്ഷണിച്ചിട്ടുള്ള പ്രവൃത്തികളുടെ ടെണ്ടർ ഫോറവില പഞ്ചായത്ത് ഫണ്ടിൽ എത്തിയിട്ടില്ല- നടപടികൾ ത്വരിതപ്പെടുത്തണം | 3-7 |
| 8 | ഗുണഭോക്തൃ സമിതി മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികൾ–മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നില്ല. | 3-8 |
| 9 | പി.എച്ച്.സിയുടെ ലാബ് സജ്ജീകരണം -591720/- രൂപ തടസ്സം | 3-9 |
| 10 | പാലിയേറ്റീവ് കെയർ - പദ്ധതി നടത്തിപ്പിൽ അപാകങ്ങൾ | 3-10 |
| 11 | എച്ച്.എം നടപ്പിലാക്കിയ പദ്ധതികൾ | 3-11 |

| | | |
|---|---|---|
| 12 | എസ്.സി വിദ്യാർത്ഥികൾക്ക് മേശ,കസേര വാങ്ങി നൽകൽ -13043 രൂപ തടസ്സം | 3-12 |
| 13 | ABC പ്രോഗ്രാം - തുക നൽകിയതിന്റെയും വിനിയോഗിച്ചതിന്റെയും രേഖകൽ ലഭ്യമല്ല – 105000/- തടസ്സപ്പെടുത്തുന്നു. | 3-13 |
| 14 | ബജറ്റിൽ വകയിരുത്താതെ തുക ചിലവഴിച്ചു | 3-14 |
| 15 | ഗുണഭോക്താക്കളെ തിരഞ്ഞെടുത്തതിലെയും മോണിറ്ററിംഗിലെയും അപാകത – പദ്ധതി ലക്ഷ്യം കൈവരിച്ചില്ല | 3-15 |
| 16 | ജാഗ്രതാ സമിതി - മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചില്ല | 3-16 |
| 17 | ചെലവ് രേഖ ഹാജരാക്കിയില്ല – 12881/-തടസ്സപ്പെടുത്തുന്നു | 3-17 |

ഭാഗം - IV

| ക്രമ നം | ഇനം | ഖണ്ഡിക നം. |
|---|---|---|
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിവരം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 4 | വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ്-സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം | 4-9 |
| 10 | അനുബന്ധം -1 ഓഡിറ്റ് സർട്ടിഫിക്കറ്റ് | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 സാമ്പത്തിക വർഷത്തെ ബജറ്റ് 27.03.2017 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരം മുന്നിരിപ്പ് ഉൾപ്പെടെ പ്രതീക്ഷിത വരവ് 21,11,15,397/-രൂപയും പ്രതീക്ഷിത ചെലവ് 19,21,44,000/- രൂപയും നീക്കിയിരിപ്പ് 1,89,71,397/-രൂപയുമാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

| സാമ്പത്തിക വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2017-18 | 31.07.2018 | 22.06.2018 |

## 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

1.8.2018ലെ കെ.എസ്.എ.ജി.പി.6/1528/2018 നമ്പർ ഓഡിറ്റ് സാക്ഷ്യപത്രവും റിപ്പോർട്ടും.

## 1-4 സാമ്പത്തിക വിശകലനം(റസീപ്റ്റ് &പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുൻ ബാക്കി | 20179521.00 |
| വരവ് | 79871963.00 |
| ആകെ | 100051484.00 |
| ചെലവ് | 79641808.00 |
| നീക്കിയിരുപ്പ് | 20409676.00 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 19421601 | 19421601 | 19421601 | 0 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 3579610 | 3579610 | 3579610 | 0 |
| കെ.എൽ.എസ്.ജി.ഡി.പി | 0 | 4479330 | 4479330 | 4479330 | 0 |
| മെയിന്റനൻസ്, റോഡ് | 0 | 10224246 | 10224246 | 10224246 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 4583139 | 4583139 | 4583139 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 8169579 | 8169579 | 8169579 | 0 |
| ട്രഷറി തനത് ഫണ്ട് | 2828 | 0 | 2828 | 0 | 2828 |
| MNREGA | 11194 | 1279762 | 1290956 | 1159443 | 131513* |
| ബി ഫണ്ട് | 0 | 414240 | 414240 | 414240 | 0 |
| റിലീഫ് ഫണ്ട് | 3140 | 127 | 3267 | 0 | 3267 |
| ട്രഷറി റ്റി.എസ്.പി (ജനറൽ പർപ്പസ്) | 6526725 | 11089000 | 17615725 | 18362660 | -746935 |
| തനത് ഫണ്ട് | 13630115 | 15687863 | 29317978 | 8412690 | 20905288 |
| ഇ-പേമെന്റ് | 0 | 13439 | 13439 | 0 | 13439 |
| ട്രഷറി റ്റി.എസ്.ബി (ജോയിൻറ് വെഞ്ചർ) | 0 | 798550 | 798550 | 835270 | -36720 |
| ഇൻഡ്യൻ ബാങ്ക് തനത് ഫണ്ട് | 5519 | 211 | 5730 | 0 | 5730 |
| ക്യാഷ്, തനത് ഫണ്ട് | 0 | 131266 | 131266 | 0 | 131266 |

*MNREGA-ൽ നീക്കിയിരിപ്പിൽ ഉൾപ്പെട്ടിട്ടുള്ള 9,367/- രൂപ പണമാകാത്ത ചെക്ക് തുകയാണ്. ടി തുക

ഒരു വരവായി AFS -ൽ MNREGS-ൽ വരവിനത്തിൽ ഉൾപ്പെട്ടിട്ടില്ല.

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പദ്ധതികൾ നടപ്പാക്കിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | നിർവഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കി യത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗിക മായി നടപ്പാക്കി യത് | നടപ്പാക്കാ ത്തവ | പൂർത്തീ കരിച്ച പ്രോജക്ട കളുടെ ശതമാനം |
|---|---|---|---|---|---|---|---|---|
| 1 | കൃഷിഓഫിസർ | 11 | 4402231 | 11 | 2861038 | | 0 | 100 |
| 2 | വെറ്ററിനറി സർജൻ | 89 | 4507812 | 8 | 1906865 | | 1 | 88.8 |
| 3 | മെഡിക്കൽ ഓഫീസർ (പി.എച്ച് സി.) | 5 | 1562100 | 3 | 1186702 | | 2 | 60 |
| 4 | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 2 | 305000 | 2 | 305000 | | -- | 100 |
| 5 | മെഡിക്കൽ ഓഫീസർ (ആയൂർവേദം) | 01 | 2000000 | 01 | 2000000 | | -- | 100 |
| 6 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 9 | 5704173 | 9 | 5022373 | | -- | 100 |
| 7 | വി.ഇ.ഒ | 9 | 6404500 | 7 | 4002991 | | 2 | 78 |
| 8 | സെക്രട്ടറി | 16 | 9036141 | 8 | 2613490 | | 8 | 50 |
| 9 | അസി.സെക്രട്ടറി | 14 | 4688000 | 10 | 2852010 | | 4 | 71 |
| 10 | അസി.എഞ്ചിനിയർ | 173 | 42971010 | 101 | 27776247 | | 28 | 58 |
| 11 | ഡയറി ഫാം ഇൻസ്പക്ടർ | 2 | 2572000 | 2 | 1596000 | | -- | 100 |
| 12 | ഹെഡ്മിസ്ട്രസ്സ് ജി.എൽ.പി.എസ്. | 10 | 3393000 | 8 | 3104794 | | 2 | 80 |
| | ആകെ | 261 | 87545967 | 170 | 55227510 | | 91 | 65 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 11194 | 1279762 | 1290956 | 1159443 | 131513 |

| | | | | | |
|---|---|---|---|---|---|
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 37886699 | 37886699 | 37886699 | 0 |
| ആകെ | 11194 | 39166461 | 39177655 | 39046142 | 131513 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകത്തൊഴിലാളി പെൻഷൻ | 2345100 | 3101 |
| തൊഴിൽരഹിത വേതനം | 324240 | 543 |
| വിധവാ പെൻഷൻ | 5195100 | 6457 |
| വികലാംഗ പെൻഷൻ | 1272000 | 1531 |
| 50 വയസിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകളുടെ പെൻഷൻ | 167400 | --- |
| വാർദ്ധക്യ പെൻഷൻ | 7115100 | 8457 |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 90000 | 3 |
| ആകെ | 16509240 | |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 28.09.2018 11.00 മണിക്ക് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 1847/-രൂപ നീക്കിയിരുപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

### (i) ആഭ്യന്തര നിയന്ത്രണം

ഒരു സ്ഥാപനത്തിന്റെ വളർച്ചയുടെ പ്രഥമ ഘടകം കുറ്റമറ്റ ആഭ്യന്തര നിയന്ത്രണസംവിധാനം ആണ്. ആനാട് പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണസംവിധാനം ഇനിയും ഏറെ മെച്ചപ്പെടേണ്ടതുണ്ട്. രജിസ്റ്ററുകളുടേയും

വിവരശേഖരണ സംവിധാനങ്ങളുടേയും കാലികമായും കൃത്യമായുമുള്ള സൂക്ഷിപ്പ് ഭരണസമിതി ഉദ്യോഗസ്ഥതലങ്ങളിൽ പ്രത്യേക ശ്രദ്ധ ഊന്നേണ്ട വിഷയമാണ്. നികുതി നികുതിയേതര വരുമാനങ്ങൾ വർദ്ധിക്കേണ്ടത് പഞ്ചായത്തിന്റെ പുരോഗതിയുടെ അവശ്യ ഘടകമാണ്. ട്രേഡേഴ്സ് രജിസ്റ്റർ കാലികമാക്കി തയ്യാറാക്കി സൂക്ഷിക്കാത്തത് സ്ഥാപനത്തിന്റെ വരുമാന വർദ്ധനവിനെ ബാധിക്കുന്നു. വരവ് നിർണ്ണയിക്കുന്നതിലും ഫീസ് പിരിക്കുന്നതിലുമുള്ള അപാകങ്ങൾ മറ്റു നികുതിയിനങ്ങളിലെ വരവുകൾ സംബന്ധിച്ച രജിസ്റ്ററുകളുടെ കൃത്യതക്കുറവ് എന്നിവ അടിയന്തിരമായി പരിഹരിക്കപ്പെടേണ്ടതാണ്. വരവ് ചെലവ് കണക്കുകൾ ബജറ്റിന്റെ അടിസ്ഥാനത്തിൽ മോണിട്ടർ ചെയ്യുന്നില്ല. വസ്തുനികുതി, തൊഴിൽ നികുതി ഇനങ്ങളിലെ ഡിമാന്റ് കളക്ഷൻ ബാലൻസ് തുകകൾ ക്യാഷ്ബുക്കുമായി പൊരുത്തപ്പെടുന്നുവെങ്കിലും സെക്ഷൻ പരിപാലിക്കുന്ന രജിസ്റ്ററും എ.എഫ്.എസ്സുമായി പൊരുത്തപ്പെടുന്നില്ല. വാടകയിനത്തിൽ കുടിശ്ശിക നില നിൽക്കുന്നുണ്ട്. വരവുകൾ കൃത്യമായി തിട്ടപ്പെടുത്തുകയും ഈടാക്കുകയും ചെയ്യുന്നുവെന്ന് ഉറപ്പ് വരുത്തുകയും കുടിശ്ശികകൾ ഈടാക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കുകയും ചെയ്യേണ്ടതാണ്. ബജറ്റിൽ വകയിരുത്തിയതിനേക്കാൾ അധികം ചെലവ് ചെയ്തിട്ടുള്ളതായി കാണുന്നുണ്ട്. ഖ. 3.14 , പദ്ധതി ചെലവ് തനത് ഫണ്ട് വഴി ചെലവായത് സുലേഖയിൽ അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല. സാംഖ്യ സുലേഖ സിക്രണൈസേഷൻ ശരിയായി നടക്കുന്നില്ല. (ഖ. 3.4)

ജി.ഒ.(എം.എസ് ) 255/13 ത.സ്വ.ഭ.വ തീയതി 18.7.2013ലെ വ്യവസ്ഥകൾക്ക് അനുസൃതമായി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

**(ii)** പദ്ധതി രൂപീകരണവും നടത്തിപ്പും

വിവിധ ഫണ്ടുകളുടെ വിന്യാസം ലഭ്യത എന്നിവ കണക്കിലെടുത്തു കൊണ്ട് പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളിൽ ഭരണ-ഉദ്യോഗസ്ഥ തലങ്ങളിൽ കൂടുതൽ ശ്രദ്ധ ഊന്നേണ്ടതുണ്ട്. ആസൂത്രണസമിതി, വർക്കിങ്ങ് ഗ്രൂപ്പിന്റെ രൂപീകരണം, വികസന സെമിനാർ, വാർഷിക പദ്ധതി അംഗീകാരം എന്നീ നടപടിക്രമങ്ങളിൽ മാർഗരേഖ പ്രകാരമുള്ള സമയക്രമം പാലിച്ചിട്ടില്ല. കർമ്മപദ്ധതി തയ്യാറാക്കിയയിട്ടില്ല. വർക്കിങ്ങ് ഗ്രൂപ്പിന്റെയും മോണിറ്ററിങ്ങ് സമിതിയുടേയും പ്രവർത്തനം തൃപ്തികരമല്ല. ഗ്രാമസഭായോഗങ്ങളിൽ ഉയർന്നു വരുന്നതും വർക്കിങ്ങ് ഗ്രൂപ്പ് ചർച്ച ചെയ്ത് തെരഞ്ഞെടുക്കപ്പെടുന്നതുമായ പല പ്രോജക്ടുകളും നടപ്പിലാക്കപ്പെടുന്നില്ല. സ്റ്റാറ്റസ് റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള ആവശ്യകത പദ്ധതി രൂപീകരണ ഘട്ടങ്ങളിൽ പരിഗണിക്കപ്പെട്ടിട്ടില്ല.

**(iii)** പൊതുഭരണം

29.01.15ലെ ജി.ഒ.എം.എസ്.18/2015ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനത്തെ ഗുണമേന്മയുള്ളതാക്കാൻ ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ് നടപ്പിലാക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷത്തിൻ ആനാട് പഞ്ചായത്തിൽ പൗരാവകാശ രേഖ പ്രസിദ്ധീകരിച്ചിട്ടില്ല. ഓഫീസ് ക്രമീകരണത്തിന് വേണ്ടി ഓഫീസ് ഉത്തരവ് തയ്യാറാക്കി ജീവനക്കാരുടെ ജോലി വിഭജനം കൃത്യമായി

നിർവ്വഹിച്ചിട്ടുണ്ടെന്ന് മറുപടി നൽകിയിട്ടുണ്ടെങ്കിലും മിനിട്ട്സ് പരിശോധനയ്ക്ക് ഹാജരാക്കിയില്ല. വളരെ പരിമിതമായ ഭൗതിക സാഹചര്യത്തിലും പൊതുജനങ്ങൽക്ക് ഉപയോഗപ്രദമായ രീതിയിൽ ഓഫീസ് ക്രമീകരിക്കുകയും, പരാതികൾക്ക് ഇടനൽകാതെ സേവന കൗണ്ടർ പ്രവർത്തിക്കുന്നുമുണ്ട്. സേവനബോർഡ്, ഹാജർബോർഡ്, സെക്ഷൻ ബോർഡ് എന്നിവ സ്ഥാപിക്കുകയും അവ കൃത്യമായി പരിപാലിക്കുന്നുമുണ്ട്. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ പരിപാലിക്കുന്നുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഫ്രണ്ട് ഓഫീസ് ഡയറി യഥാവിധി പരിപാലിച്ചിട്ടില്ല. ഫ്രണ്ട് ഓഫീസ് ഡയറിയിൽ തപാൽ നം, അപേക്ഷകന്റെ പേര്, സേവനത്തിന്റെ സ്വഭാവം, സേവനം ലഭ്യമാക്കേണ്ട സെക്ഷന്റെ വിശദാംശം, ബന്ധപ്പെട്ട സെക്ഷനിൽ നിന്നും അപേക്ഷ തിരികെ ലഭിച്ച തീയതി, സേവനം ലഭിച്ച തീയതി, കൈപ്പറ്റുന്ന ആളുടെ പേര്, ഒപ്പ് എന്നീ വിവരങ്ങൾ രേഖപ്പെടുത്തണം. ഗ്രാമപഞ്ചായത്തിന്റെ ഫ്രണ്ട് ഓഫീസ് ഡയറിയിൽ ആയവ കൃതായമായി രേഖപ്പെടുത്തിയിട്ടില്ല. സേവനം അപേക്ഷകൻ കൈപ്പറ്റുന്നതിന്റെ അടിസ്ഥാലത്തിലാണ് ഡയറിയിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നത്. ആയതിനാൽ പൗരാവകാശരേഖ പ്രകാരമുള്ള സമയക്രമം പാലിച്ചാണോ പൊതുജനങ്ങൾക്ക് സേവനങ്ങൾ ലഭ്യമാക്കുന്നുണ്ടെന്നുറപ്പാക്കാൻ കഴിയുന്നില്ല. ഓഫീസ് ഓഡർ പ്രകാരം ഫ്രണ്ട് ഓഫീസ് പ്രവർത്തനത്തിന്റെ മേൽനോട്ടം വഹിക്കുന്നത് ആരാണെന്ന് മിനിട്ട്സ് പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാൽ നിർണ്ണയിക്കാൻ കഴിഞ്ഞില്ല.

ഫ്രണ്ട്ഓഫീസിന്റെ ഫലപ്രദമായ പ്രവർത്തനം നിരീക്ഷിക്കുന്നതിൽ ചുമതലയേൽപ്പിച്ച ഉദ്യോഗസ്ഥനും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയും ഇതിൽ കൂടുതൽ ശ്രദ്ധിയ്ക്കേണ്ടതുണ്ട്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19.09.2018 | 2018-19 | റിപ്പോർട്ട് ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | മാർച്ച് 2017 | 2016-17 | 07.09.18 |

## 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

ഓഡിറ്റ് സാക്ഷ്യപത്രത്തിൽ ഉൾപ്പെടാത്ത അക്കൗണ്ട്സുമായി ബന്ധപ്പെട്ട പരാമർശങ്ങൾ - ഇല്ല

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 ബജറ്റ് രൂപീകരണം- നടപടിക്രമം പാലിച്ചില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പ് പ്രകാരം സർക്കാർ അതതു സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങളും ചട്ടങ്ങളും പ്രകാരം ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളും ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | നടപടിക്രമം | ഗ്രാമപഞ്ചായത്ത് ഓഡിറ്റ് എൻക്വയറി-14 നൽകിയ മറുപടി |
|---|---|---|---|
| 1 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസൽ ആവശ്യപ്പെടൽ | ഡിസംബർ 15-ന് മുൻപ് | 22.02.17 |
| 2 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസലുകൾ ഘടകസ്ഥാപനങ്ങൾ സമർപ്പിക്കൽ | ജനുവരി 15-ന് മുൻപ് | 22.02.17 |
| 3 | ക്രോഡീകരണത്തിനായി വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ ചേരൽ | ജനുവരി 25-ന് മുൻപ് | 22.02.17 |
| 4 | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ പ്രെപ്പോസൽ വയ്ക്കൽ,ക്രോഡീകരണം | ഫെബ്രുവരി 1-ന് മുൻപ് | 23.03.17 |
| 5 | ബജറ്റ് വർഷത്തേക്കുള്ള വാർഷിക പദ്ധതി അംഗീകാരം | ഫെബ്രുവരി 28-ന് മുൻപ് | 25.05.17 |
| 6 | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി കരട് ബജറ്റ് നിർമ്മാണം/ അംഗീകരിക്കൽ | മാർച്ച് 1-ന് മുൻപ് | 23.03.17 |
| 7 | കരട് ബജറ്റ് ചർച്ച ചെയ്യുന്നതിനായി പ്രത്യേക പഞ്ചായത്ത് കമ്മറ്റി ചേരൽ | മാർച്ച് 7-ന് മുൻപ് | 27.03.17 |
| 8 | അന്തിമ ബജറ്റ് അംഗീകാരത്തിനായി പ്രത്യേക പഞ്ചായത്ത് കമ്മറ്റി ചേരൽ | മാർച്ച് 31-ന് മുൻപ് | 27.03.17 |

2017- 2018 സാമ്പത്തിക വർഷത്തെ ബജറ്റ് അവതരണവുമായി ബന്ധപ്പെട്ട് പ്രാരംഭനടപടികൾ സ്വീകരിക്കുന്നതിനും ബജറ്റിൽ ഉൾപ്പെടുത്തേണ്ട വിഷയങ്ങൾ സംബന്ധിച്ച് നിർദ്ദേശങ്ങൾ ലഭ്യമാക്കുന്നതിനായി എല്ലാ സ്റ്റാന്റിംഗ് കമ്മറ്റികൾക്കും കത്ത് നൽകുവാനും 20.02.17-ലെ യോഗത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി തീരുമാനിച്ചിട്ടുണ്ട്. എന്നാൽ ആയതിൻമേൽ സ്വീകരിച്ച തുടർനടപടികൾ സംബന്ധിച്ച യാതൊരു രേഖകളും ഓഡിറ്റിന് ലഭ്യമായിട്ടില്ല.

ബജറ്റ് തയ്യാറാക്കുന്നതിനാവശ്യമായ ശുപാർശകൾ ലഭ്യമാക്കുവാൻ ഗ്രാമപഞ്ചായത്ത് വിവിധ

ഘടകസ്ഥാപനങ്ങളോട് ആവശ്യപ്പെട്ടതിന്റെയും 2017-2018 സാമ്പത്തിക വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾക്കൊള്ളുന്ന ബജറ്റ് നിർദ്ദേശങ്ങൾ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികൾ ശുപാർശ സമർപ്പിച്ചതിന്റെയും രേഖകൾ ഓഡിറ്റ് എൻക്വയറി 14 പ്രകാരം ആവശ്യപ്പെട്ടിട്ടും ലഭ്യമാക്കിയില്ല. എല്ലാ ഘടകസ്ഥാപനങ്ങളുടെയും ആവശ്യകതാ നിർണ്ണയം കൃത്യമായി നടത്തിയാണോ ബജറ്റ് തയ്യാറാക്കിയതെന്ന് വിലയിരുത്താൻ കഴിഞ്ഞില്ല.

## 2-2 ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല

ആനാട് പഞ്ചായത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി കാലികമാക്കി സൂക്ഷിക്കുന്നില്ല.

തദ്ദേശസ്ഥാപനത്തിൽ അർപ്പിതമായ ബാദ്ധ്യത നിറവേറ്റുന്നതിനും ഫീസ് , തൊഴിൽ നികുതി ഇനങ്ങളിൽ ചോർച്ച ഇല്ലാതാക്കുന്നതിലും ഓരോ വർഷവും ട്രേഡേഴ്സ് ലിസ്റ്റ് പുതുക്കുകയും ലിസ്റ്റ് പൂർണ്ണമാണെന്ന് ഉറപ്പ് വരുത്തേണ്ടതും ധനകാര്യസ്റ്റാൻഡിംഗ് കമ്മറ്റിയുടെ ചുമതലയാണ്. ധനകാര്യസ്റ്റാൻഡിംഗ് കമ്മറ്റിയുടെ 23.01.2017ലെ 1-ാം നമ്പർ തീരുമാനപ്രകാരം വസ്തുനികുതി, ലൈസൻസ് ഫീസ് പിരിവ് ഊർജ്ജിതമാക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്നും ആയതിന് പഞ്ചായത്ത് മെമ്പർമാരുടെ സഹകരണം ആവശ്യപ്പെടുവാനും തീരുമാനിച്ചിട്ടുണ്ട്. എന്നാൽ ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കുന്നതിനുള്ള യാതൊരു നിർദ്ദേശങ്ങളും ധനകാര്യസ്റ്റാൻഡിംഗ് കമ്മറ്റിയുടെ ഭാഗത്ത് നിന്ന് ഉണ്ടായിട്ടില്ല.

ട്രേഡേഴ്സ് ലിസ്റ്റ് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 26നുള്ള മറുപടിയിൽ ആയത് തയ്യാറാക്കിയിട്ടുണ്ടെന്ന മറുപടിയാണ് ലഭിച്ചെങ്കിലും ആയത് ഹാജരാക്കിയില്ല. ബജറ്റ് രൂപീകരണവേളയിലും വിഭവസമാഹരണത്തിന്റെ പുരോഗതി വിലയിരുത്തുന്ന വേളയിലും ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി ഈ വിഷയം പരിശോധിച്ചിട്ടില്ല. ഇതിന്മേലുള്ള തുടർനടപടി നിരീക്ഷിക്കുന്നതിൽ ഭരണസമിതിയും ശ്രദ്ധ ചെലുത്തിയിട്ടില്ല.

## 2-3 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആനാട് പഞ്ചായത്തിൽ ആസ്തി രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നില്ല. പ്രസ്തുത രജിസ്റ്റർ ഹാജരാക്കാൻ ആവശ്യപ്പെട്ടിട്ടും ലഭ്യമാക്കിയില്ല.

ആസ്തി സംരക്ഷണം സാദ്ധ്യമാകണമെങ്കിൽ ആസ്തി രജിസ്റ്റർ കാലികമാക്കേണ്ടത് അത്യാവശ്യമാണ്. എന്നാൽ ജി ഒ (എം എസ് ) 255/13 ത.സ്വ.ഭ.വ തീയതി 18.7.2013ലെ വ്യവസ്ഥകൾക്ക് അനുസൃതമായി ആനാട് പഞ്ചായത്തിൽ ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതും പഞ്ചായത്തിൽ സൃഷ്ടിക്കപ്പെട്ട ആസ്തികൾ സചിത്ര സോഫ്റ്റ് വെയറിൽ അടിയന്തിരമായി ഉൾപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഇതിന്മേലുള്ള തുടർനടപടി നിരീക്ഷണത്തിന് ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയും ഭരണസമിതിയും ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 2-4 D&O ലൈസൻസ് - വരവ് നിർണ്ണയിക്കുന്നതിലും ഫീസ് പിരിക്കുന്നതിലും അപാകതകൾ

ആനാട് പഞ്ചായത്തിൽ ഡി&ഒ ലൈസൻസ് ഫീസ് ഇനത്തിലുള്ള വരവ് നിർണ്ണയിക്കുന്നതിലും ഈടാക്കുന്നതിലുമുള്ള അപാകതകൾ ചുവടെ ചേർക്കുന്നു.

i. ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾ സംബന്ധിച്ചുള്ള പരസ്യം പ്രസിദ്ധപ്പെടുത്തിയിട്ടില്ല.

1996ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് കൂടാതെയോ അല്ലെങ്കിൽ ലൈസൻസിൽ പറഞ്ഞിട്ടുള്ള നിബന്ധനകൾക്ക് അനുസൃതമല്ലാതെയോ ഗ്രാമപഞ്ചായത്ത് അതിർത്തിയിൽ യാതൊരു വ്യാപാരമോ വ്യവസായമോ നടത്താൻ പാടില്ലെന്ന് സെക്രട്ടറി നോട്ടീസ് മൂലം പരസ്യപ്പെടുത്തേണ്ടതാണ്. എന്നാൽ ആനാട് പഞ്ചായത്തിൽ ചട്ടം 4 പ്രകാരം നോട്ടീസ് പ്രസിദ്ധീകരിച്ചിട്ടില്ലെന്ന് ഓഡിറ്റ് എൻക്വയറി നം. 26 നുള്ള മറുപടിയിൽ അറിയിച്ചിട്ടുണ്ട്. മേൽ വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടില്ലെന്ന് മിനിട്സ് പരിശോധനയിൽ നിന്നും വ്യക്തമാണ്. ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള എല്ലാ വ്യാപാര/വ്യവസായ സ്ഥാപനങ്ങൾ ലൈസൻസിന് വിധേയമായിട്ടാണ് നടത്തപ്പെടുന്നതെന്നും ഡി & ഒ ലൈസൻസ് പൂർണ്ണമായും പിരിക്കുന്നുണ്ടെന്നും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പ് വരുത്തുന്നില്ല.

ii. ഡി&ഒ ലൈസൻസ് ഫീസ് ഇനത്തിലുള്ള വരവ് കൃത്യമായി നിർണ്ണയിച്ചില്ല

2017-18 സാമ്പത്തിക വർഷത്തെ ബജറ്റ് പ്രകാരം ലൈസൻസ് ഫീസ് ഇനത്തിൽ 250000/- രൂപയാണ് വരവായി പ്രതീക്ഷിച്ചിരുന്നത്. എന്നാൽ 2017-18 സാമ്പത്തിക വർഷത്തെ എ.എഫ്.എസ് പ്രകാരം പ്രസ്തുത ഇനത്തിൽ 117810രൂപ മാത്രമേ വരവ് വന്നിട്ടുള്ളൂ. ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി കാലികമാക്കി സൂക്ഷിക്കാത്തതിനാലും ബജറ്റ് തയ്യാറാക്കിയ വേളയിൽ വിഭവസമാഹരണം സംബന്ധിച്ച പ്രാഥമിക വിവരശേഖരണം നടത്താത്തതിനാലുമാണ് ഫീസ് ഇനത്തിലുള്ള വരവുകൾ കൃത്യമായി നിർണ്ണയിക്കാൻ കഴിയാതെ വരുന്നത്.

iii. ലൈസൻസിനായുള്ള അപേക്ഷകളിൽ വിറ്റുവരവ് കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല.

വിറ്റുവരവ് അടിസ്ഥാനമാക്കി 1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ പട്ടിക II പ്രകാരമാണ് ലൈസൻസ് ഫീസ് ഈടാക്കേണ്ടത്. എന്നാൽ ഡി & ഒ ലൈസൻസിനായുള്ള 125 അപേക്ഷകൾ പരിശോധിച്ചതിൽ 58 അപേക്ഷകളിൽ ഒറ്റദിവസത്തെ വിറ്റുവരവ് രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ ഫീസ് നിർണ്ണയിച്ചത് ഒരുദിവസത്തെ വിറ്റുവരവിന് ആനുപാതികമായിട്ടാണെന്ന് ഉറപ്പുവരുത്താൻ കഴിഞ്ഞില്ല.

## 2-5 തൊഴിൽനികുതി - അപാകതകൾ

i) 2017-18 സാമ്പത്തിക വർഷത്ത അംഗീകരിച്ച ബഡ്ജറ്റ് പ്രകാരം 25,00,000/- രൂപയാണ് വരവായി പ്രതീക്ഷിച്ചിരുന്നത്. എന്നാൽ യഥാർത്ഥ വരവ് 19,20,420/-രൂപയാണ്. ആയത് 2017-2018 സാമ്പത്തിക വർഷത്തിൽ ലഭിച്ചതിനെക്കാൾ (19,53,610/-) രൂപ കുറവാണ്. ബജറ്റ് തയ്യാറാക്കിയ വേളയിൽ വിഭവസമാഹരണം സംബന്ധിച്ച പ്രാഥമിക വിവരശേഖരണം നടത്താത്തതിനാലും തൊഴിൽ നികുതി അടക്കേണ്ട വ്യാപാരികളുടെയും സ്ഥാപനങ്ങളുടെയും കൃത്യത ഉറപ്പുവരുത്താൻ സാധിക്കാത്തതിനാലുമാണ് ഇത്തരം അന്തരമുണ്ടായത്.

ii) കേരള പഞ്ചായത്ത് രാജ് ആക്ട്, 1994-ലെ 205 എ വകുപ്പ് പ്രകാരമുള്ള ഡിമാന്റ് രജിസ്റ്ററും,1996-ലെ കേരള പഞ്ചായത്ത് രാജ് (നികുതി ചുമത്തലും ഈടാക്കലും അപ്പീലും) ചട്ടം-5 ന്റെ മാതൃകയിലുള്ള അസസ്സ്മെന്റ് രജിസ്റ്ററും സൂക്ഷിക്കുന്നില്ല.

iii) വ്യാപാരികളുടെയും സ്ഥാപനങ്ങലുടെയും തൊഴിൽ നികുതി ഈടാക്കിയതുമായി ബന്ധപ്പെട്ട ഡിമാൻറ് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. മാത്രമല്ല ഡി&ഒ ലൈസൻസ് ഈടാക്കുന്നതിനോടൊപ്പമാണ് വ്യാപാരികളുടെയും സ്ഥാപനങ്ങളുടെയും തൊഴിൽ നികുതി ഈടാക്കുന്നത്. എന്നാൽ ഡി&ഒ ലൈസൻസിനായുള്ള അപേക്ഷകളിൽ പലതിലും വിറ്റുവരവ് രേഖപ്പെടുത്തിയിട്ടില്ല. വ്യക്തികൾ, വ്യാപാരികൾ കമ്പനികൾ വരുമാനം ടേൺ ഓവർ കാണിക്കുന്ന റിട്ടേൺ സമർപ്പിച്ചതിന്റെ രേഖകളും പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ആയതിനാൽ ബിസിനസ്സിന്റെ സ്വഭാവത്തിന്റെയും ടേൺഓവറിന്റെയും അടിസ്ഥാനത്തിലാണോ നികുതി നിർണ്ണയിച്ചതെന്ന് വ്യക്തമല്ല. മാത്രമല്ല പരിധിയിലുള്ള സ്വകാര്യ പ്രാക്ടീസ് നടത്തുന്ന ഡോക്ടർമാർ, അഭിഭാഷകർ, കരാറുകാർ എന്നിവരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടോ എന്നും വ്യക്തമല്ല.

തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ പരിപാലിക്കുന്നുണ്ടെന്നും നികുതി പൂർണ്ണമായും പിരിക്കുന്നുണ്ടെന്നും ഉറപ്പുവരുത്തുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 2-6 സേവന ഉപനികുതി ചുമത്തുന്നില്ല

ജലവിതരണം, തെരുവ് വിളക്ക് പരിപാലനം എന്നീ സേവനങ്ങൾ ആനാട് പഞ്ചായത്ത് ഏർപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത സേവനങ്ങൾക്ക് സേവന ഉപനികുതി ചുമത്തിയിട്ടില്ല. കേരള പഞ്ചായത്ത് രാജ് ആക്ട് 200(2) വകുപ്പ് പ്രകാരം പഞ്ചായത്ത് ഏർപ്പെടുത്തുന്ന സേവനങ്ങൾക്ക് സേവനഉപനികുതി ചുമത്താവുന്നതാണ്. ജലവിതരണത്തിന് വസ്തു നികുതിയുടെ 3%ൽ കുറയാത്ത തുകയും തെരുവ് വിളക്കിന് 2% ൽ കുറയാത്ത തുകയും സേവനഉപനികുതിയായി ചുമത്താവുന്നതാണ്. തനത് വരുമാന വർദ്ധനവിനായി പുതിയ വരുമാന സ്രോതസ്സ് കണ്ടെത്തി പരമാവധി വിഭവ സമാഹരണം നടത്തുന്നതിനുള്ള നടപടികൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി സ്വീകരിക്കേണ്ടതാണ്.

## 2-7 സഞ്ചയ സോഫ്റ്റ്വെയറിൽ ഡാറ്റാ പ്യൂരിഫിക്കേഷൻ പൂർത്തിയാക്കിയിട്ടില്ല

ആനാട് പഞ്ചായത്തിൽ പത്തൊൻപത് വാർഡിലായി 14064 കെട്ടിടങ്ങൾ ഉണ്ട്. ആയതിൽ 3817 കെട്ടിടങ്ങളുടെ ഡാറ്റാ പ്യൂരിഫിക്കേഷൻ മാത്രമേ പൂർത്തിയായിട്ടുള്ളൂ. 10247 കെട്ടിടങ്ങളുടെ ഡാറ്റാ പ്യൂരിഫിക്കേഷൻ പൂർത്തീകരിക്കുന്നതിനുള്ള അടിയന്തിര നടപടികൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പ്രിന്റിംഗ് ചാർജിനത്തിലെ ചെലവ്- ചട്ടങ്ങൾ പാലിച്ചിട്ടില്ല-തുക തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നമ്പർ – S0058/18
അടങ്കൽ – 2,50,000/-
ചെലവ് – 1,72,650/-
ഫണ്ട് – തനത് ഫണ്ട്
വൗച്ചർ നമ്പർ – 11701199 /3/18
ചെക്ക് നമ്പർ – 8792170 തീ.31.03.18
സ്റ്റാന്റിങ്ങ് കമ്മിറ്റി – ധനകാര്യം
വർക്കിങ്ങ് ഗ്രൂപ്പ് – പൊതുഭരണവും ധനകാര്യവും
ഓഡിറ്റ് എൻക്വയറി നമ്പർ – 11

ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ ചുമതലയിലുള്ള പൊതു ഭരണവും ധനകാര്യവും വർക്കിംഗ് ഗ്രൂപ്പിന് കീഴിൽ നടപ്പിലാക്കപ്പെട്ട പദ്ധതിരൂപീകരണവും നിർവഹണവും എന്ന പ്രോജക്ടിൽ ഗ്രാമപഞ്ചായത്തിലെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട പ്രിന്റിങ്ങ് ജോലികൾ ചെയ്യുന്നതിന് soo58/18 ,soo59/18എന്നീ രണ്ടു പ്രോജക്ടുകളിലായി യഥാക്രമം 2,50,000/-, 1,50,000/- എന്നിങ്ങനെ അടങ്കൽ നിശ്ചയിച്ച് യഥാക്രമം 1,72,650/- , 1,39,740/- എന്നീ തുകകൾ ചെലവഴിച്ചിട്ടുണ്ട്. കെ.ജി.പ്രസ് നെടുമങ്ങാട് എന്ന സ്ഥാപനത്തിനാണ് തുക നൽകിയിട്ടുള്ളത്.

ഈ പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ താഴെ പറയുന്നു.

സ്റ്റോർ പർച്ചേസ് മാനുവൽ, 2013 ,G.O(P) 259/2010 ത.സ്വ.ഭ,വ തീയതി 8/11/2010 മുഖേന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിന് പുറപ്പെടുവിച്ച മാർഗ്ഗരേഖ ചട്ടങ്ങളും നിർദ്ദേശങ്ങളും പാലിച്ചിട്ടില്ല.

1) രണ്ട് പ്രോജക്ടുകളിലായി പഞ്ചായത്തിലേക്ക് ഒരു വർഷത്തേക്ക് ആവശ്യമായ നോട്ടീസുകൾ , ഫോറങ്ങൾ, ബുക്കുകൾ എന്നിവ പ്രിന്റ് ചെയ്യുന്നതിനായി വാർഷിക ആവശ്യകത നിർണയം നടത്തി ടെൻഡർ നടപടി

ക്രമത്തിലൂടെ സ്ഥാപനത്തെ തെരഞ്ഞെടുത്ത് അംഗീകൃത നിരക്കിൽ പ്രവർത്തി ചെയ്യേണ്ടതിന് പകരം പ്രൊജക്റ്റ് നമ്പർ soo58/18 പ്രകാരം തെരഞ്ഞെടുപ്പ് നടത്താതെയും പ്രോജക്ട് s0059 /18 പ്രകാരം ആവശ്യമായ ഓരോ സാധനങ്ങൾ പ്രത്യേകം ക്വട്ടേഷൻ വഴിയും കെ.ജി പ്രസ് നെടുമങ്ങാട് എന്ന സ്ഥാപനത്തിന് പ്രിൻറിംഗ് ജോലികൾ നൽകി തുക നൽകുകയായിരുന്നു.

2) ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി 11ന് ഈ സ്ഥാപനത്തിന് പ്രിന്റിങ്ങ് ജോലികൾക്കുള്ള കരാർ റണ്ണിങ്ങ് കോൺട്രാക്ട് വഴി നിശ്ചയിച്ച് നൽകിയിട്ടുള്ളതാണ് എന്ന് മറുപടി നൽകിയിട്ടുണ്ട്. എന്നാൽ അത്തരമൊരു കരാർ ഹാജരാക്കിയട്ടില്ല.

3) പ്രിൻറ് ചെയ്ത ഫോറങ്ങൾ നോട്ടീസുകൾ ബുക്ക്ലെറ്റുകൾ റിപ്പോർട്ടുകൾ എന്നിവ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന് രേഖകൾ ആവശ്യപ്പെട്ടെങ്കിലും ഹാജരാക്കിയില്ല .

ഇപ്രകാരം സർക്കാർ മാനദണ്ഡങ്ങൾ പാലിക്കാതെ സാധനസമാഹരണം നടത്തി പദ്ധതി നടപ്പിലാക്കുന്ന രീതി ആവർത്തിക്കാതിരിക്കുന്നതിന് ധനകാര്യ സ്റ്റാൻഡിങ് കമ്മിറ്റിയുടെ ഭാഗത്തുനിന്ന് കൂടുതൽ ജാഗ്രത ആവശ്യമാണെന്ന് വിലയിരുത്തുന്നു. ഇക്കാര്യത്തിൽ മോണിറ്ററിങ് സമിതിയുടെ പ്രവർത്തനം ഉണ്ടായിട്ടില്ല. സ്ഥാപനവുമായി ചമച്ച കരാർ, സ്റ്റോക്ക് രജിസ്റ്റർ എന്നിവയുടെ അഭാവത്തിൽ പ്രോജക്ട് s0058/18 മുഖേന ചെലവഴിച്ച **1,72,650/-** രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-2 പുതിയ എൽ.ഇ.ഡി. വിളക്കുകൾ വാങ്ങൽ മാനദണ്ഡങ്ങൾ പാലിച്ചില്ല. അപാകങ്ങൾ

| | |
|---|---|
| പ്രോജക്ട് നമ്പർ | - so140/18 |
| ഫയൽ നമ്പർ | - A2-672/18 |
| അടങ്കൽ | - 3361500 |
| ചെലവ് | - 1916798(18-19) |
| ബിൽ നമ്പർ | - 19/18.5.18 |
| സ്റ്റാന്റിങ്ങ് കമ്മിറ്റി | - ധനകാര്യം |
| വർക്കിങ്ങ് ഗ്രൂപ്പ് | - പൊതുഭരണവും ധനകാര്യവും |
| എൻക്വയറി നമ്പർ | - 15 |

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ കീഴിലെ പൊതുഭരണം ധനകാര്യ വർക്കിംഗ് ഗ്രൂപ്പിന്റെ നിർദ്ദേശപ്രകാരം നടപ്പിലാക്കിയതാണ് ഈ പ്രോജക്ട്. പഞ്ചായത്ത് ഭരണസമിതിയുടെ 18.1.2018ലെ 1(6)നമ്പർ തീരുമാനപ്രകാരം 1222 എണ്ണം 18 Watts LED street light വാങ്ങാൻ തീരുമാനിച്ചു. ഗവൺമെൻറ് അംഗീകൃത സ്ഥാപനമായ KREWSൽ നിന്നും സർക്കാർ ഉത്തരവ് സാധാരണ നമ്പർ 1093/2017 ത.സ്വ.ഭ.വ 5.4.2017ന്റെ അടിസ്ഥാനത്തിൽ കേരള ഗ്രാമജ്യോതി ലൈറ്റിംഗ് നിർമിക്കുന്ന വിളക്കുകൾ വാങ്ങുന്നതിന് നടപടികൾ സ്വീകരിച്ചു. അപ്രകാരം 23.2.2018, 27.2.2018 എന്നീ തീയതികളിലായി 1222 എണ്ണം 18 വാട്ട് എൽഇഡി ലൈറ്റുകൾ ലഭ്യമായിട്ടുണ്ട്. എന്നാൽ ഇതിന്റെ ചെലവ് തൻവർഷം നടന്നിട്ടില്ല 18.05.2018നാണ് ചെലവു നടന്നത്. തൻ വർഷം 19,16,798/- രൂപയുടെ ചെലവ് നടത്തിയെങ്കിലും ട്രഷറി ബിൽ ക്യൂവിലായതിനാൽ ചെലവായത് കഴിച്ച് ബാക്കി തുക 2018-19ൽ സ്പിൽ ഓവർ

പദ്ധതിയായി രൂപീകരിക്കുകയാണ് ചെയ്തിട്ടുള്ളത് ഈ പദ്ധതിയുടെ നടത്തിപ്പിൽ വന്നിട്ടുള്ള അപാകങ്ങൾ താഴെ പറയുന്നു.

1. ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള തെരുവുവിളക്കുകളുടെ എണ്ണം സംബന്ധിച്ച് കെ.എസ്.ഇ.ബി യുമായി സംയുക്ത പരിശോധന നടത്തി രജിസ്റ്റർ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. ആയത് അടിയന്തരമായി രേഖപ്പെടുത്തി ഹാജരാക്കേണ്ടതാണ്.

2. പുതിയ 1222 എൽ.ഇ.ഡി വിളക്കുകൾ വാങ്ങി സ്ഥാപിക്കാൻ പ്രോജക്ട് തയ്യാറാക്കിയപ്പോൾ തെരുവ് വിളക്ക് രജിസ്റ്ററിലെ അഭാവത്തിൽ ആവശ്യകതാ നിർണ്ണയം നടത്താതെ (സ്റ്റോർ പർച്ചേസ് മാന്വൽ പാര 3.7(എ) ) എണ്ണം നിശ്ചയിച്ചതിന്റെ മാനദണ്ഡം വ്യക്തമല്ല .

3. നിലവിലുള്ള ട്യൂബ് ലൈറ്റുകൾ മാറ്റി എൽഇഡി വിളക്കുകൾ സ്ഥാപിക്കുക എന്നതായിരുന്നു പ്രോജക്ട് എന്നാൽ പുതിയ വിളക്കുകൾ സ്ഥാപിച്ചപ്പോൾ നിലവിലുണ്ടായിരുന്ന ലൈറ്റുകൾ സ്റ്റോക്കിൽ എടുത്ത് ലേലം ചെയ്യുകയോ സൂക്ഷിക്കുകയോ ചെയ്തിട്ടില്ല . ആയത് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി ഹാജരാക്കേണ്ടതാണ്.

4. 1222 എണ്ണം സ്റ്റോക്കിൽ എടുത്തതിന് രേഖകൾ ആവശ്യപ്പെട്ടു പ്രകാരം സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കി അതിൽ 137 എൽ.ഇ.ഡി വിളക്കുകൾ ഇൻസ്റ്റാൾ ചെയ്യാൻ ബാക്കിയുണ്ട്. ഇത് സ്റ്റോക്ക് രജിസ്റ്ററിലെ അപാകമാണെന്നാണ് മറുപടി നൽകിയിട്ടുള്ളത് സ്റ്റോക്ക് രജിസ്റ്റർ ആധികാരികമായി സാക്ഷ്യപ്പെടുത്തിയിട്ടില്ല. സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

5. ഗവൺമെന്റ് അംഗീകൃത ഏജൻസിയായ ക്രൂസിൽ നിന്നാണ് വാങ്ങിയിട്ടുള്ളത് എങ്കിലും ഗുണനിലവാരം ആധികാരികമായി പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല. സ്ഥാപിച്ച ഒരു മാസത്തിനകം തന്നെ 250ഓളം എൽ.ഇ.ഡി വിളക്കുകൾ കേടായതായി പരാതികൾ ലഭിച്ചതായി ഇതു സംബന്ധിച്ച ഫയലിൽ പറയുന്നുണ്ട്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് ഗവൺമെൻറ് ഏജൻസി ആയതിനാൽ ഗുണനിലവാരം പരിശോധിച്ചിട്ടില്ല എന്ന മറുപടിയാണ് നൽകിയിട്ടുള്ളത് .

6. സ്ഥാപിച്ച വിളക്കുകൾ സംബന്ധിച്ച് കെഎസ്ഇബിയുടെ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല ആയതിനാൽ തന്നെ ചെലവാക്കിയ തുകയുടെ ആധികാരികത ഉറപ്പുവരുത്താൻ കഴിയുന്നില്ല. സ്റ്റോക്കും വിതരണവും സാക്ഷ്യപ്പെടുത്തി ഹാജരാക്കുകയും ഇൻസ്റ്റാലേഷൻ സംബന്ധിച്ച് കെ.എസ്.ഇ.ബി.യുടെ സാക്ഷ്യപത്രം ലഭ്യമാക്കുകയും ചെയ്യേണ്ടതാണ്.

7. സംയുക്ത പരിശോധനയുടേയും രജിസ്റ്ററിന്റേയും അഭാവത്തിൽ അധിക വൈദ്യുത ചാർജ്ജ് അടയ്ക്കേണ്ടി വരുന്നുണ്ടോ എന്ന് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

തെരുവുവിളക്കുകൾ സ്ഥാപിക്കുന്നതിനായി പ്രോജക്റ്റ് ആസൂത്രണം ചെയ്ത് നിർവഹണം നടത്തിയതിൽ

ഇത്തരം അപാകതകൾ ഉണ്ടായതിൽ ധനകാര്യ സ്റ്റാന്റിങ് കമ്മിറ്റിയുടെ യും ഭരണസമിതിയുടേയും പ്രത്യേകശ്രദ്ധ ക്ഷണിക്കുന്നു.

## 3-3 ജി ഐ എസ് മാപ്പിങ്ങ്-വെബ് ആപ്ളിക്കേഷൻ നടപ്പിലായില്ല-പദ്ധതി ഫലപ്രാപ്തി നേടിയില്ല.

പ്രോജക്ട് നമ്പർ - SO 2/18
അടങ്കൽ – 420000
ചെലവ് – 260000
സ്റ്റാന്റിങ്ങ് കമ്മിറ്റി – ധനകാര്യം
വർക്കിങ്ങ് ഗ്രൂപ്പ് – പൊതുഭരണവും ധനകാര്യവും
എൻക്വയറി – 16

ആനാട് ഗ്രാമപഞ്ചായത്ത് 2016-17 സാമ്പത്തിക വർഷം അഞ്ച് ലക്ഷം രൂപ വകയിരുത്തി നടപ്പിലാക്കിയ പദ്ധതിയായിരുന്നു ജിഐഎസ് മാപ്പിങ്ങ്. ഇതിൽ 2,60,000/- രൂപ 2017-18 ൽ സ്പിൽ ഓവറായി ചെലവഴിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ അവലോകനം താഴെ കൊടുക്കുന്നു. പരിശീലന പ്രവർത്തനങ്ങൾ, റിപ്പോർട്ട് തയ്യാറാക്കൽ, സോഫ്റ്റ്വെയർ ഡെവലപ്മെൻറ്, പഞ്ചായത്തിന്റെ സാമൂഹ്യ സാമ്പത്തിക വിവരങ്ങൾ, റോഡ് കണക്ടിവിറ്റി, തെരുവുവിളക്കുകളുടെ വിവരം, ജലസ്രോതസുകൾ, കെട്ടിടങ്ങൾ തുടങ്ങിയവ ഉൾപ്പെടുന്ന അസറ്റുകൾ എന്നിവ രൂപപ്പെടുത്തി ഐ.കെ.എം. വികസിപ്പിച്ച ലോക്കൽ സോഫ്റ്റ്വെയറുകളിലും വെബ് ആപ്ലിക്കേഷനിലും ഉപയോഗിക്കാവുന്ന തരത്തിൽ തയ്യാറാക്കി ഗ്രാമപഞ്ചായത്തിൽ വിന്യസിക്കുക എന്നതാണ് കരകുളം ഗ്രാമീണ പഠന കേന്ദ്രവുമായി കരാർ തയ്യാറാക്കി നടപ്പാക്കിയ ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്ത പ്രവർത്തനങ്ങൾ. എന്നാൽ ഈ പദ്ധതിയുടെ ഗുണഫലങ്ങൾ പഞ്ചായത്തിന്റ ദൈനംദിന പ്രവർത്തിയിലോ പദ്ധതി ആസൂത്രണ നിർവഹണ വേളയിലോ പ്രതിഫലിക്കുന്നില്ല.

1. പഞ്ചായത്തിന്റെ ഭൗമ സാമൂഹ്യ സാമ്പത്തിക വിവരങ്ങൾ, റോഡ് കണക്ടിവിറ്റി, തെരുവ് വിളക്ക്, കുടിവെള്ള ടാപ്പ് എന്നിവയുടെ വിവരങ്ങൾ രേഖപ്പെടുത്തിയത് ആധികാരികമായി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട് എന്നും എന്നാൽ ആധികാരിക രജിസ്റ്ററുകളും റിപ്പോർട്ടുകളും തയ്യാറാക്കിയിട്ടില്ല എന്നും ഓഡിറ്റ് എൻക്വയറി 16ന് മറുപടി നൽകിയിട്ടുണ്ട്.

2. പദ്ധതിനിർവഹണം ആയി ബന്ധപ്പെട്ട വിവരശേഖരണത്തിന് സോഫ്റ്റ്വെയർ ഉപയോഗിക്കാൻ സാദ്ധ്യമായിട്ടില്ല. സെക്ഷനുകളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ഉപയോഗിക്കാവുന്ന തരത്തിൽ ഐ.കെ.എം. സോഫ്റ്റ്വെയറുമായി ബന്ധിപ്പിച്ച് വെബ് ആപ്ലിക്കേഷനിൽ ഉപയോഗിക്കാവുന്ന തലത്തിലേക്ക് വികസിപ്പിച്ചിട്ടില്ല.

3. ജിഐഎസ് മാപ്പിംഗ് പദ്ധതിയിലൂടെ തയ്യാറാക്കപ്പെട്ട വിവരങ്ങൾ കാലികവും ആധികാരികമാക്കി

ഉപയോഗിക്കുന്നതിന് 2018 -19 വർഷത്തിൽ തുടർ പദ്ധതികളൊന്നും വിഭാവനം ചെയ്തിട്ടില്ല .

ഇത്തരത്തിൽ അഞ്ച് ലക്ഷം രൂപ ചെലവാക്കി ഗ്രാമപഞ്ചായത്തിലെ സമസ്തമേഖലകളെയും ഉൾപ്പെടുത്തി ഭൗമവിവര മാപ്പിങ്ങ് ചെയ്തെങ്കിലും പഞ്ചായത്തിന്റെ പദ്ധതി പദ്ധതിയേതര പ്രവർത്തനങ്ങളിൽ ഇതുമായി ബന്ധപ്പെടുത്തി എന്തെങ്കിലും ഉപയോഗം കാണാൻ കഴിഞ്ഞില്ല. തുടർപദ്ധതികളുടെ അഭാവത്തിൽ ഈ സോഫ്റ്റ്‌വെയറിന്റെ പ്രവർത്തനം ഭാവിയിൽ ഗുണപ്രദം ആവില്ല എന്ന് കാണുന്നു. ഇപ്രകാരം പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുമ്പോൾ ദീർഘവീക്ഷണമില്ലായ്മ മൂലം വികസന ഫണ്ട് പാഴാവുന്നതിനുള്ള സാധ്യതയും കാണുന്നു. ഈ വിഷയത്തിലേക്ക് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-4 വരൾച്ച കുടിവെള്ള പദ്ധതികൾ -അംഗീകൃത അടങ്കലിനേക്കാൾ അധികം തുക ചെലവ് ചെയ്തു -ചെലവിന്റെ അക്കൗണ്ടിങ്ങിൽ അപാകം

| | |
|---|---|
| പ്രോജക്ട് നമ്പർ | - SO 4/18<br>- S00171/18 |
| അടങ്കൽ | 500000/-<br>500000/- |
| ചെലവ് | 150300/-<br>1256979/- |
| വൗച്ചർ നമ്പർ | 1)21700301<br>2)21700458<br>3)21700459<br>4)21700460 |

എൻക്വയറി നമ്പർ -24

ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ കീഴിൽ പൊതുഭരണം ധനകാര്യം വർക്കിംഗ് ഗ്രൂപ്പ് ചുമതലയിൽ നടപ്പിലാക്കാൻ തീരുമാനിച്ച് വരൾച്ച കുടിവെള്ള പദ്ധതിയുമായി പദ്ധതിയുമായി ബന്ധപ്പെട്ട് SO3/18, SO 4/18 , S00171/18 എന്നിങ്ങനെ 3 പ്രോജക്ടുകൾ തൻവർഷം ആസൂത്രണം ചെയ്തിരുന്നു. എന്നാൽ പ്രോജക്ട് നമ്പർ 3/18 ലെ സ്ഥലം വാങ്ങൽ നടപ്പിലാക്കിയിട്ടില്ല. 4/18, 171/18 എന്നീ പ്രോജക്ടുകളുടെ ആകെ അടങ്കൽ തുക 10,00,000 (500000 +500000) ആണെങ്കിലും ചെലവ് പത്രിക പ്രകാരം ചെലവൊന്നും തന്നെ വന്നിട്ടില്ല. ഇതുസംബന്ധിച്ച് ഓഡിറ്റ് എൻക്വയറി 24ന് തനത് ഫണ്ട് വൗച്ചർ മുഖേന 171/18 പ്രോജക്ടിൽ അംഗീകൃത അടങ്കലിനേക്കാൾ 7,56,976/- അധികം ചെലവ് വന്നിട്ടുണ്ട് എന്നതിന് വൗച്ചറുകൾ ഹാജരാക്കുകയും ചെയ്തു. എന്നാൽ പദ്ധതി ചെലവ് പത്രികയിൽ ഈ ചെലവ് പ്രതിഫലിച്ചിട്ടില്ല എന്നും മറുപടി നൽകിയിട്ടുണ്ട്. തനത് ഫണ്ടിൽ നിന്നും വൗച്ചർ മുഖേന ചെലവഴിച്ച ടി തുക സിങ്ക്രണൈസേഷൻ പിഴവ് മൂലമാണ് സുലേഖയിൽ പ്രതിഫലിക്കാത്തത് എന്നും മറുപടി നൽകിയിട്ടുണ്ട്. ചെലവുതുക അടങ്കലിനേക്കാൾ അധികം വരുന്ന സാഹചര്യം ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി ചർച്ച ചെയ്യുകയോ സാധൂകരണ നടപടികൾ സ്വീകരിക്കുകയോ

ചെയ്തിട്ടില്ല. ഇപ്രകാരം അടങ്കൽ തുകയേക്കാൾ അധികം തുക ചെലവ് ചെയ്തതിന് വിശദീകരണം നൽകേണ്ടതും പ്രോജക്ട് റിവൈസ് ചെയ്ത് സാധൂകരണം നേടേണ്ടതും അക്കൗണ്ടിംഗിലെ അപാകം പരിഹരിക്കേണ്ടതുമാണ്.

## 3-5 കാർഷികമേഖലയിലെ പദ്ധതി നടത്തിപ്പ്-അപാകങ്ങൾ-ഫലപ്രാപ്തിക്ക് കൂടുതൽ ജാഗ്രത ആവശ്യമാണ്.

നിർവഹണഉദ്യോഗസ്ഥ -കൃഷി ഓഫീസർ
ഓഡിറ്റ് എൻക്വയറി -30

വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ കീഴിൽ കൃഷി വർക്കിംഗ് ഗ്രൂപ്പിന്റെ ചുമതലയിൽ കൃഷി ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കപ്പെട്ട താഴെപറയുന്ന പദ്ധതികളുടെ നടത്തിപ്പിലെ അപാകങ്ങൾ .

പ്രോജക്ട് നമ്പർ – S0067/18 നെൽകൃഷി വികസനം
അടങ്കൽ – 1,43,726/-
ചെലവ് – 52,373/-

1) പാടശേഖര സമിതിയുടെ നേതൃത്വത്തിൽ നെൽകൃഷിയുടെ ഉൽപാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി മൂന്നു ഹെക്ടർ സ്ഥലത്തേക്ക് ആവശ്യമായ വിത്ത് വാങ്ങി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് വിഭാവനം ചെയ്ത ഈ പ്രോജക്ടിൽ ഉൾപ്പെട്ടിരുന്ന ജില്ലാ ബ്ലോക്ക് പഞ്ചായത്ത് വിഹിതം ലഭ്യമായില്ല ആയതിനാൽ അതിൽ കുറഞ്ഞ തുകയേ സബ്സിഡിയായി നൽകാൻ കഴിഞ്ഞിട്ടുള്ളൂ. ഫണ്ടിന്റെ ലഭ്യതയുടെ കാര്യത്തിൽ ബന്ധപ്പെട്ട സ്റ്റാൻഡിങ് കമ്മിറ്റിയുടെയും ധനകാര്യ സ്റ്റാൻഡിങ് കമ്മിറ്റിയുടെയും ഊർജ്ജിതമായ ശ്രമം ഉണ്ടായിരുന്നെങ്കിൽ കൂടുതൽ ഫലപ്രദമായി നടപ്പാക്കാനാകുമായിരുന്നു.

2) പഞ്ചായത്ത് ഭരണസമിതി അംഗീകൃത ഗുണഭോക്തൃ ലിസ്റ്റിൽ ഉള്ളവരല്ല പാടശേഖര സമിതി പ്രോജക്റ്റ് നടത്തിപ്പിൽ പങ്കാളികളായത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയും നിലവിൽ പാടശേഖര സമിതിയിൽ കൃഷിചെയ്യുന്ന അഞ്ച് പേർക്കാണ് ആനുകൂല്യം നൽകിയിട്ടുള്ളതെന്നും ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടവർ പാടശേഖര സമിതിയിൽ ഉൾപ്പെട്ടവരല്ല എന്നും മറുപടി നൽകിയിട്ടുണ്ട് ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കുമ്പോൾ പ്രോജക്റ്റ് ഉദ്ദേശലക്ഷ്യവും നടത്തിപ്പും പരിഗണിക്കുന്നതിൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റി കൂടുതൽ ജാഗ്രത പുലർത്തേണ്ടതുണ്ട്.

പ്രോജക്ട് നമ്പർ – 122/ 18 റബ്ബർ തോട്ടത്തിൽ പൈനാപ്പിൾ കൃഷി
അടങ്കൽ – 125000
ചെലവ് – 125000

ഗ്രാമപഞ്ചായത്ത് 2017-18 വാർഷിക പദ്ധതിയുടെ ഭാഗമായി തയ്യാറാക്കിയിട്ടുള്ള ഗുണഭോക്താക്കളുടെ വാർഡ് തിരിച്ചുള്ള മുൻഗണനാ പട്ടികയിൽ ഉള്ളവർ ബാക്കി നിൽക്കെ ലിസ്റ്റിൽ ഉൾപ്പെടാത്ത 17 പേരെ ഗുണഭോക്താക്കളായി തിരഞ്ഞെടുത്തിരിക്കുന്നു. ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 30ന് ലിസ്റ്റിൽ ഉൾപ്പെട്ടവർ ഗുണഭോക്തൃവിഹിതം അടക്കുവാൻ സന്നദ്ധരാവാത്ത സാഹചര്യത്തിൽ ഗുണഭോക്തൃ വിഹിതം അടക്കുവാൻ സന്നദ്ധത പ്രകടിപ്പിച്ചവരെ ഉൾപ്പെടുത്തി പദ്ധതി നടപ്പിലാക്കുകയായിരുന്നു എന്നും മറുപടി നൽകിയിട്ടുണ്ട്. അർഹരായവരെ കണ്ടെത്തി പ്രോജക്ട് നടപ്പിലാക്കാൻ ഭരണസമിതിയുടെ ശ്രദ്ധ

പതിയേണ്ടതുണ്ട്.

1) അംഗീകാരം ലഭിച്ച പ്രോജക്ട് പ്രകാരം ഒരു യൂണിറ്റ് പൈനാപ്പിൾ നടീൽ വസ്തുക്കൾ അഞ്ചുരൂപ നിരക്കിൽ 25000 എണ്ണം വാങ്ങി 500 ഗുണഭോക്താക്കൾക്ക് നൽകേണ്ടതാണ്. എന്നാൽ kaico ബിൽ പ്രകാരം 12 രൂപ നിരക്കിലാണ് ഒരുയൂണിറ്റ് വാങ്ങിയിട്ടുള്ളത് പദ്ധതി തയ്യാറാക്കുമ്പോൾ സാധനങ്ങളുടെ വിലനിലവാരവും ലഭ്യതയും പരിശോധിച്ച് മുന്നൊരുക്കങ്ങൾ നടത്തിയിരുന്നെങ്കിൽ ഈ അപാകം ഒഴിവാക്കാമായിരുന്നു.

2) കാർഷിക മേഖലയിലെ പ്രോജക്ടുകൾ നടപ്പിലാക്കുമ്പോൾ ഗുണഭോക്താക്കൾക്ക് സ്വന്തമായി കൃഷി ഭൂമിയുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിന് ഉപോത്ബലകമായ രേഖകൾ (കരപ്പറ്റ് ചീട്ട്) അപേക്ഷയോടൊപ്പം ഉൾപ്പെടുത്താൻ സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. തൻവർഷം നടപ്പിലാക്കിയ പ്രോജക്ടുകളിൽ പ്രസ്തുത രേഖയുടെ അഭാവമുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് സ്ഥലപരിശോധന നടത്തിയാണ് ആനുകൂല്യം നൽകിയത് എന്നറിയിച്ചു. സർക്കാരിന്റെ നിർദ്ദേശം പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-6 <u>അളവു പുസ്തകത്തിലെ രേഖപ്പെടുത്തലിൽ പിശക് - 4745/-രൂപ നിരാകരിക്കുന്നു</u>

| | |
|---|---|
| പ്രോജക്ടിന്റെ പേര് | : അരുംകോട് റോഡ് നടപ്പാലം നിർമ്മാണം |
| പ്രോജക്ട് നമ്പർ | : 46/18 |
| അടങ്കൽ തുക | : 2,00,000/-രൂപ (വികസന ഫണ്ട്) |
| ബിൽ നമ്പർ | : 23/21.08.2017 |
| എസ്റ്റിമേറ്റ് ആധാരം | : MORD with CI 1.5098 |
| കോൺട്രാക്ടർ | : കെ. രവീന്ദ്രൻ @ Estimate Rate |
| എം. ബുക്ക് നമ്പർ | : 79/17-18 |
| ഓഡിറ്റ് അന്വേഷണം | : 22/26.09.2018 |

നടപ്പാലം നിർമ്മാണം പ്രവൃത്തിയിൽ അബുട്ട്മെന്റ് ഫൗണ്ടേഷനുകളുടെ ഇടയിലുള്ള 3.5 മീറ്റർ സ്പാനിൽ 3 മീറ്റർ വീതിയിലും 30സെ.മീ. ആഴത്തിലും കരിങ്കൽ പാകിയിട്ടുണ്ട് (ഇനം 2). എന്നാൽ ഇനം 5-ൽ കരിങ്കല്ലിനു മുകളിലായി 10സെ.മീ. കനത്തിൽ M20 ഗ്രേഡിലുള്ള കോൺക്രീറ്റ് നടത്തിയിട്ടുണ്ട്. പരമാവധി 3മീറ്റർ വീതിയിൽ കോൺക്രീറ്റ് ചെയ്യാൻ കഴിയുന്ന മേഖലയിൽ 4.5മീറ്റർ വീതിയിൽ കോൺക്രീറ്റ് നടത്തിയതായി അളവുപുസ്തകത്തിൽ തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു. തെറ്റായ ഈ രേഖപ്പെടുത്തൽ കാരണം കോൺട്രാക്ടർക്ക് തുക അധികമായി നൽകിയിട്ടുണ്ട്.

ടി വിഷയം പരാമർശമാക്കി നൽകിയ ഓഡിറ്റ് അന്വേഷണം 22നുള്ള മറുപടിയിൽ എസ്റ്റിമേറ്റിനു ഉപരിയായി അധികം അളവിൽ കമ്പി ഉപയോഗിച്ചാണ് നടപ്പാലം നിർമ്മിച്ചിട്ടുള്ളതെന്നാണ് പറഞ്ഞിട്ടുള്ളത്. മറുപടി തൃപ്തികരമല്ല.

| | | |
|---|---|---|
| നൽകിയ തുക | : 3.5 x 4.5 x 0.10 x 9037.17 | = 14233.54 |
| നൽകേണ്ട തുക | : 3.5 x 3 x 0.10 x 9037.17 | = 9489.03 |

അധികമായി നൽകിയ തുക = 4744.5

അധികമായി നൽകിയ തുക 4,754/-രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി ഫണ്ടിലേയ്ക്ക് അടവാക്കേണ്ടതാണ്.

## 3-7 ഇ-ടെണ്ടർ പ്രകാരം ടെണ്ടർ ക്ഷണിച്ചിട്ടുള്ള പ്രവൃത്തികളുടെ ടെണ്ടർ ഫോറവില പഞ്ചായത്ത് ഫണ്ടിൽ എത്തിയിട്ടില്ല-നടപടികൾ ത്വരിതപ്പെടുത്തണം

ഇ-ടെണ്ടർ പ്രകാരം ടെണ്ടർ ക്ഷണിച്ചിട്ടുള്ള പ്രവൃത്തികളുടെ ടെണ്ടർ ഫോറവില തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണുള്ളത്. 2017-18 സാമ്പത്തിക വർഷത്തിൽ 1,53,640/-രൂപയാണ് ഫോറവിലയായി ലഭിക്കാനുള്ളത്. 28.9.2013ലെ ജി.ഒ.(എം.എസ്.) 318/2013 /ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം ഒടുക്ക വന്ന തുക പഞ്ചായത്ത് ഫണ്ടിൽ എത്തിക്കാനുള്ള നടപടികൾ ത്വരിതപ്പെടുത്തണം.

## 3-8 ഗുണഭോക്തൃ സമിതി മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികൾ–മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നില്ല.

2017-18 സാമ്പത്തിക വർഷത്തിൽ ഗുണഭോക്തൃ സമിതി മുഖേന നടപ്പിലാക്കിയ പ്രവൃത്തികളുടെ ഫയലുകളും അനുബന്ധരേഖകളും പരിശോധിച്ചതിൽ 1999 ഡിസംബറിൽ ആസൂത്രണ ബോർഡ് പ്രസിദ്ധീകരിച്ച ഗുണഭോക്തൃ സമിതി മാർഗ്ഗരേഖയിലെ കരാർ ഉടമ്പടി, പണമിടപാടുകൾക്ക് സംയുക്ത ബാങ്ക് അക്കൗണ്ട്, വരവ്-ചെലവ് കണക്ക് പുസ്തകം, മിനിട്ട്സ് ബുക്ക്, തൊഴിലാളികൾക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ്, പൂർത്തീകരണ റിപ്പോർട്ട്, പ്രവൃത്തി പൂർത്തിയാക്കിയതിനു ശേഷം കണക്ക് അവതരിപ്പിക്കൽ തുടങ്ങിയ മാനദണ്ഡങ്ങൾ പാലിക്കപ്പെട്ടിട്ടില്ല. മാർഗ്ഗരേഖ മാനദണ്ഡങ്ങൾ പാലിച്ച് പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥനും ഗുണഭോക്തൃ സമിതിയും തയ്യാറാകേണ്ടതാണ്.

## 3-9 പി.എച്ച്.സിയ്ക്ക് ലാബ് സജ്ജീകരണം -59,172/- രൂപ തടസ്സം

പ്രോജക്ട് നം. - SO016/18
അടങ്കൽ തുക - 200000 (മെയ്ന്റനൻസ് ഫണ്ട് നോൺ റോഡ്)
ചെലവ് തുക - 194595
നിർവ്വഹണോദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ, പി.എച്ച്,സി
ബിൽ നം. - 01/17-18, തിയതി. 30.06.2017

പ്രസ്തുത പ്രോജക്ട് പ്രകാരം ആനാട് പി.എച്ച്,സിയിൽ ലാബ് സജ്ജീകരിക്കുന്നതിനായി 200000 രൂപ വകയിരുത്തി 194595/-രൂപയുടെ ട്രഷറി ബിൽ 30-06-2017ന് കേരള മെഡിക്കൽ സർവ്വീസ്

കോർപറേഷൻ ലിമിറ്റഡിന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്.

എന്നാൽ 1,35,423/- രൂപയുടെ സാമഗ്രികൾ മാത്രമാണ് ലഭ്യമായത്. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 13 തീയതി 25.09.2018) അപൂർണ്ണമായ മറുപടിയാണ് ലഭ്യമാക്കിയത്.

തുക കൈമാറിക്കഴിഞ്ഞ് മരുന്ന്/സാധന സാമഗ്രികൾ അനിശ്ചിതമായി ലഭ്യമാക്കാതിരിക്കുന്നത് ഗുണഭോക്താക്കൾക്ക് അതിന്റെ ഗുണം ലഭിക്കാതെ പോകുന്നു. നിശ്ചിത ദിവസത്തിനുള്ളിൽ ഓർഡർ പ്രകാരമുള്ള സാധനങ്ങൾ ലഭ്യമാക്കുന്നതിനുള്ള കരാർ ചമയ്ക്കുന്നത് ഉചിതമായിരിക്കും.
സാധന സാമഗ്രികൾ ലഭ്യമാക്കാത്തതിനാൽ (194595-135423) 59,172/-രൂപ തടസ്സപ്പെടുത്തുന്നു. പ്രസ്തുത വിഷയത്തിൽ ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും ശ്രദ്ധ ക്ഷണിക്കുന്നു.

## 3-10 പാലിയേറ്റീവ് കെയർ - പദ്ധതി നടത്തിപ്പിൽ അപാകങ്ങൾ

പ്രോജക്റ്റ് നമ്പർ – SO102/18
അടങ്കൽ തുക – 9,87,100/-
ചെലവ് തുക – 967107/-
നിർവ്വഹണോദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. ആനാട്
ഫണ്ടിനം – വികസന ഫണ്ട് ജനറൽ

പദ്ധതിയുമായി ബന്ധപ്പെട്ട താഴെപ്പറയുന്ന ഘടകങ്ങളുടെ നടത്തിപ്പിൽ അപാകങ്ങളുള്ളതായി കണ്ടു.

**(i)** അലോപ്പതി മരുന്നു വാങ്ങൽ

ചെലവ് - 4,40,000/-
ബിൽ നം. - 4/17-18 തീയതി 22.09.2018

പദ്ധതികളുമായി ബന്ധപ്പെട്ട് അലോപ്പതി മരുന്ന് വാങ്ങുന്നതിന് 4,40,000/-രൂപ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിന് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ ടി സ്ഥാപനത്തിൽ നിന്നും ഇതുവരെ 1,25,056/- രൂപയുടെ മരുന്നുകളാണ് ലഭിച്ചിട്ടുള്ളത്. 3,14,944/- രൂപയുടെ മരുന്നുകൾ ഇനിയും ലഭിച്ചിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.20 തീയതി 27.09.2018) ടി സ്ഥാപനത്തിനോട് മരുന്നുകൾ ലഭ്യമാക്കാതിരിക്കുന്നത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ടെന്നാണ് മെഡിക്കൽ ഓഫീസർ അറിയിച്ചിട്ടുള്ളത്. മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റോക്കിലെടുത്ത് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. കാലതാമസം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ആരോഗ്യസ്ഥാപനത്തിലെ മരുന്ന് വിതരണത്തിന്റെ കാര്യക്ഷമത നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പ് വരുത്തേണ്ടതുമാണ്. മരുന്നു ലഭിക്കുന്നതിനുള്ള പ്രസ്തുത വിഷയത്തിൽ ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും ശ്രദ്ധ ക്ഷണിക്കുന്നു.

**(ii)** പാലിയേറ്റീവ് കെയർ വാഹനം

ചെലവ് തുക - 1,63,200/-

ബിൽ നമ്പർ - 02/17-18 തീയതി 11.08.17
03/17-18 തീയതി 22.09.17
05/17-18 തീയതി 13.10.17
06/17-18 തീയതി 23.11.17
10/17-18 തീയതി 17.01.18
12/17-18 തീയതി 09.02.18
13/17-18 തീയതി 12.03.18
20/17-18 തീയതി 28.03.18

നിർവ്വഹണ ഉദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർ ക്വട്ടേഷൻ ക്ഷണിച്ച് ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്യുന്ന വാഹനമായിരിക്കണം വാടകയ്ക്ക് എടുക്കേണ്ടതെന്നും ക്വട്ടേഷൻ പി.എം.സി അംഗീകരിക്കേണ്ടതാണെന്നും ഒരിക്കൽ അംഗീകരിച്ച ക്വട്ടേഷൻറെ കാലാവധി ആറ് മാസമായിരിക്കുമെന്നും, കാലാവധി അവസാനിക്കും മുൻപ് പുതിയ ക്വട്ടേഷൻ ക്ഷണിച്ച് പി.എം.സി യുടെ അംഗീകാരം വാങ്ങിയിരിക്കേണ്ടതാണെന്നും പാലിയേറ്റീവ് പരിചരണ മാർഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ക്വട്ടേഷൻറെ കാലാവധി ആറ് മാസം അവസാനിച്ചിട്ടും പുതിയ ക്വട്ടേഷൻ ക്ഷണിച്ച് പി.എം.സി യുടെ അംഗീകാരം വാങ്ങിയിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.20തീയതി 27.09.2018) ക്വട്ടേഷൻ കാലാവധി സംബന്ധിച്ച് ധാരണയില്ലാത്തതിനാലാണ് ഇത്തരത്തിൽ സംഭവിച്ചതെന്നും ഭാവിയിൽ ശ്രദ്ധിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

എസ്.ബിനുകുമാറിൻറെ KL-21-K-2263 എന്ന വാഹനമാണ് ക്വട്ടേഷൻ ക്ഷണിച്ച് വാടകയ്ക്കെടുത്തത്. പ്രസ്തുത വാഹനത്തിന്റെ വിവരങ്ങളും, പെർമ്മിറ്റുമാണ് ക്വട്ടേഷനോടൊപ്പം ലഭ്യമാക്കിയിട്ടുള്ളത്. എന്നാൽ 2017-18 ൽ വാഹനവാടകയ്ക്കായി നൽകിയിട്ടുള്ള ട്രിപ് ഷീറ്റ് KL-01-R-335 എന്ന വാഹനത്തിന്റേതാണ്. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.20 തീയതി 27.09.2018) നൽകിയിട്ടുള്ള മറുപടി അംഗീകരിക്കാവുന്നതല്ല. 2017-18ൽ 1,63,200/-രൂപയാണ് വാഹനവാടകയ്ക്കായി നൽകിയിട്ടുള്ളത്. വാഹനം മാറിയ വിവരം ഓഫീസിന്റെ ശ്രദ്ധയിൽപെട്ടില്ല എന്നാണ് മെഡിക്കൽ ഓഫീസർ അറിയിച്ചിട്ടുള്ളത്. ഇത് ഗുരുതരമായ വീഴ്ചയാണ്. ഭാവിയിൽ ഇത്തരത്തിലുള്ള അപാകതകൾ ഉണ്ടാകാതെ ശ്രദ്ധിക്കേണ്ടതാണ്.

**(iii)** പാലിയേറ്റീവ് കെയർ കുടുംബ സംഗമം/ട്രെയിനിംങ് പരിപാടികൾ

ചെലവ് തുക - 20,000/-

ബിൽ നമ്പർ - 14/17-18 തീയതി 12.03.18
18/17-18 തീയതി 24.03.18

പാലിയേറ്റീവ് പദ്ധതി മാർഗരേഖ നിർദ്ദേശിക്കുന്നതിലും അധികരിച്ചാണ് പരിശീലന പരിപാടിയ്ക്കും , കുടുംബസംഗമത്തിനും ചെലവ് നടത്തിയിരിക്കുന്നത്. വിശദാംശങ്ങൾ ചുവടെ-

| പരിപാടിയുടെ പേര് | പങ്കെടുത്ത ആളുകളുടെ | ഭക്ഷണചെലവിന് അനുവദനീയമായ തുക | അനുവദിച്ച തുക | അധികം ചെലവഴിച്ച |
|---|---|---|---|---|

| | വിവരം | (@Rs.60/ person) | (@Rs.100/ person) | തുക |
|---|---|---|---|---|
| ട്രെയിനിംങ് | 77 | 4620 | 7700 | 3080 |
| കുടുംബസംഗമം | 100 | 6000 | 10000 | 4000 |
| ആകെ | | 10620 | 17700 | 7080 |

പദ്ധതികൾ നടപ്പിലാക്കുമ്പോൾ മാർഗരേഖയ്ക്കനുസൃതമായി ചെലവുകൾ നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

കുടുംബസംഗമവുമായി ബന്ധപ്പെട്ട് 22.03.2018ലെ 10,000/- രൂപയുടെ ഭക്ഷണബിൽ മാത്രമാണ് ലഭ്യമാക്കിയത്. പങ്കെടുത്തവരുടെ വിവരങ്ങളോ, ബോധവൽക്കരണ പരിപാടികൾ നടത്തിയതിന്റെ രേഖകളോ ലഭ്യമല്ല. ഇവന്റ് ഡയറിയിൽ 22.03.2018ൽ കുടുംബസംഗമം നടന്നതായി രേഖപ്പെടുത്തലുകൾ ഇല്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.20 തീയതി 27.09.2018) നൽകിയ മറുപടി തൃപ്തികരമല്ല.

പാലിയേറ്റീവ് കെയർ മാർഗരേഖ ഖണ്ഡിക 2.6.13 പ്രകാരം ബോധവൽക്കരണ പരിപാടികൾ, കുടുംബസംഗമം എന്നിവ സംഘടിപ്പിക്കുന്നതിലൂടെ തദ്ദേശഭരണസ്ഥാപനത്തിന്റെ പരിധിയിൽ ദുരിതമനുഭവിക്കുന്ന രോഗികളുടെ കൃത്യമായ വിവരങ്ങൾ ലഭിക്കുകയും അതനുസരിച്ച് വാർഷിക പദ്ധതിയിൽ കൂടുതൽ പ്രാധാന്യം കൊടുക്കേണ്ട പ്രവർത്തനങ്ങൾ കണ്ടെത്തുകയും ചെയ്യാൻ കഴിയുന്നതാണ്. പദ്ധതികൾ നടപ്പിലാക്കുമ്പോൾ അവയുടെ ഉദ്ദേശലക്ഷ്യങ്ങൾ കൈവരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-11 എച്ച്.എം നടപ്പിലാക്കിയ പദ്ധതികൾ -

I)

പ്രോജക്ട് നം. – SO096/18
പ്രോജക്ടിന്റെ പേര്. – സമഗ്ര പ്രീ പ്രൈമറി വികസനം
അടങ്കൽ തുക – 5,18,000/- (മെയ്ന്റനൻസ് ഫണ്ട് നോൺറോഡ്)
ചെലവ് തുക – 5,17,234/-
നിർവ്വഹണോദ്യോഗസ്ഥൻ – എച്ച്.എം,ഗവ.എൽ.പി.എസ്,ആനാട്
ബിൽ നം. – 01/17-18, തിയതി. 30.06.2017

പ്രസ്തുത പ്രോജക്ട് പ്രകാരം ആനാട് പഞ്ചായത്തിന്റെ പരിധിയിലുള്ള പ്രീ പ്രൈമറി സ്കൂളുകൾക്ക് പാൽ, പായ, ഭക്ഷണവിതരണത്തിനായുള്ള പാത്രങ്ങൾ എന്നിവ വാങ്ങി നൽകുന്നതിനായി ചെലവ് ചെയ്തിട്ടുണ്ട്. ജി.ഒ.എം.എസ്. നം79/2017/ത.സ്വ.ഭ.വ.തീയതി 03.04.2017 പദ്ധതി മാർരേഖയിൽ പ്രീപ്രൈമറി വികസനത്തിനായുള്ള പദ്ധതികളൊന്നും നിർദ്ദേശിച്ചിട്ടില്ല .എന്നാൽ ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് 2001-02 ൽ വളരെ കുറച്ച് ഡിവിഷനുകൾ മാത്രമുണ്ടായിരുന്ന പ്രീപ്രൈമറി ഗവ.സ്കൂളുകളിൽ ഇത്തരത്തിലുള്ള പ്രോജക്ടുകൾ നടപ്പിലാക്കിയതിലൂടെ ഡിവിഷനുകൾ കൂട്ടുവാൻ സഹായകമായെന്നാണ് അറിയിച്ചത്. മേൽ സാഹചര്യത്തിൽ ഇത്തരത്തിലുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനു മുൻപായി സർക്കാരിന്റെ അനുമതി വാങ്ങേണ്ടതാണ്.

പ്രസ്തുത പ്രോജക്ടിൽ 4,52,914/-രൂപ പാൽ വാങ്ങുന്നതിനായി ചെലവഴിച്ചിട്ടുണ്ട്. സ.ഉ (ആർ.ടി) നം2487/2016 ത.സ്വ.ഭ.വ. 20.08.2016 പ്രകാരം ഒരു വർഷത്തേയ്ക്ക് ആവശ്യമുള്ള സാധനങ്ങൾ, കൂടുതൽ കാലം സൂക്ഷിക്കുമ്പോൾ നശിച്ച പോകാനിടയുള്ള സാധനങ്ങൾക്ക് റണ്ണിംങ് കോൺട്രാക്ട് മുഖേനയുള്ള വാങ്ങൽ നടത്തേണ്ടതാണ്. മേൽ പദ്ധതിയിൽ പ്രസ്തുത വാങ്ങൽനടപടികൾ സ്വീകരിച്ചിട്ടില്ല. ഭാവിയിൽ പദ്ധതികൾ നടപ്പിലാക്കുമ്പോൾ സർക്കാർ മാർഗനിർദ്ദേശങ്ങൾക്കും , ഉത്തരവുകൾക്കും അനുസൃതമായി നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

II)

പ്രോജക്ട് നം. - SO096/18
പ്രോജക്ടിന്റെ പേര്. - പ്രീ പ്രൈമറി വികസനം
അടങ്കൽ തുക - 35,000/- (പൊതു വിഭാഗം ജനറൽ ) ചെലവ് തുക - 35,000/-
നിർവ്വഹണോദ്യോഗസ്ഥൻ - എച്ച്.എം.ഗവ.എൽ.പി.എസ്, ആനാട്
ബിൽ നം. - 06/17-18, തീയതി 19.01.2018

വിദ്യാഭ്യാസ ഗുണനിലവാരം വർദ്ധിപ്പക്കൽ എന്ന ലക്ഷ്യവുമായി വിഭാവനം ചെയ്ത മേൽ പദ്ധതിയിൽ നടപ്പിലാക്കിയത് കുഴൽക്കിണർ നിർമ്മാണമാണ്. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.27തീയതി 29.09.2018) കുടിവെള്ള ക്ഷാമം രൂക്ഷമായതിനാലാണ് കുഴൽക്കിണർ നിർമ്മാണം നടത്തിയതെന്ന് എച്ച്.എം അറിയിച്ചിട്ടുണ്ട്. എന്നാൽ കുഴൽക്കിണർ നിർമ്മാണത്തിന് പാലിക്കേണ്ട നിബന്ധനകൾ പാലിക്കാതെയാണ് പ്രവൃത്തി നടപ്പിലാക്കിയത്. ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് സർവ്വേ നടത്തി സ്ഥാനം കണ്ടെത്തുക, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് അംഗീകരിച്ച എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവർത്തി നടപ്പാക്കുക എന്നീ നടപടികൾ ഒന്നും പാലിച്ചിട്ടില്ല. അടിയന്തിര സാഹചര്യത്തിൽ ഇത്തരത്തിൽ പ്രവൃത്തി നടത്തുകയാണുണ്ടായതെന്നാണ് എച്ച്.എം അറിയിച്ചത്. സർക്കാർ ഫണ്ട് വിനിയോഗിക്കുമ്പോൾ സർക്കാർ ഉത്തരവുകൾക്ക് വിധേയമായിത്തന്നെ പദ്ധതികൾ നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-12 എസ്.സി വിദ്യാർത്ഥികൾക്ക് മേശ, കസേര വാങ്ങി നൽകൽ -13043 രൂപ തടസ്സം

പ്രോജക്ട് നം. - 175/18
പ്രോജക്ടിന്റെ പേര്. - SC വിദ്യാർത്ഥികൾക്ക് മേശ, കസേര വാങ്ങി നൽകൽ
അടങ്കൽ തുക - 1,50,000/- (എസ്.സി.പി) ചെലവ് തുക - 1,50,000/-
നിർവ്വഹണോദ്യോഗസ്ഥൻ - എച്ച്.എം,ഗവ.എൽ.പി.എസ്, ആനാട്
ബിൽ നം. - 09/17-18, തിയതി. 19.02.2018

പ്രസ്തുത പ്രോജക്ട് പ്രകാരം 15,00,000/-രൂപയ്ക്ക് 46 മേശയും കസേരയും വാങ്ങി സ്റ്റോക്കിലെടുത്തിട്ടുണ്ട്. എന്നാൽ 42 മേശയും, കസേരയും മാത്രമേ വിതരണം ചെയ്തിട്ടുള്ളൂ. എന്നാൽ ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.28 തീയതി 29.09.2018) നാല് കുട്ടികൾ ഇനിയും കൈപ്പറ്റുവാനുണ്ടെന്നാണ്

എച്ച്.എം. അറിയിച്ചത്. ആയതിനാൽ വിതരണം ചെയ്യാതെ അവശേഷിക്കുന്ന നാല് മേശയുടെയും, കസേരയുടെയും വിലയായ 13,043/-രൂപ തടസ്സപ്പെടുത്തുന്നു.

## 3-13 ABC പ്രോഗ്രാം - തുക നൽകിയതിന്റെയും വിനിയോഗിച്ചതിന്റെയും രേഖകൾ ലഭ്യമല്ല – 105000/- തടസ്സപ്പെടുത്തുന്നു.

പ്രോജക്റ്റ് നമ്പർ – S0124/18

അടങ്കൽ തുക – 1,05,000/- (വികസനഫണ്ട് പൊതു വിഭാഗം)

ചെലവ് തുക – 1,05,000/- (വികസനഫണ്ട് പൊതു വിഭാഗം)

ബിൽ നമ്പർ /തീ. – PO1/17-18 18.11.17

നിർവ്വഹണ ഉദ്യോഗസ്ഥൻ – വെറ്ററിനറി സർജൻ

50 തെരുവ് നായ്ക്കളുടെ വന്ധ്യംകരണത്തിനായി 1,05,000/-രൂപ (2100 x 50) 18.11.2017ന് കുടുംബശ്രീ ജില്ലാ മിഷന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത തുക കൈപ്പറ്റിയതിന്റെയും തുക ചെലവഴിച്ചതിന്റെയും യാതൊരു രേഖയും ലഭ്യമാക്കിയില്ല. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് മൃഗസംരക്ഷണം ക്ഷീരവികസനം വർക്കിംഗ് ഗ്രൂപ്പിന്റെ മോണിറ്ററിംഗ് റിപ്പോർട്ടും ഫയലിനൊപ്പം ലഭ്യമല്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 25നുള്ള മറുപടിയിൽ പ്രസ്തുത രേഖകൾ ലഭ്യമാകുന്ന മുറയ്ക്ക് നൽകുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. കൈപ്പറ്റ് രസീതും തുക വിനിയോഗസാക്ഷ്യപത്രവും ലഭ്യമാകാത്തതിനാൽ 1,05,000/-രൂപ തടസ്സപ്പെടുത്തുന്നു.

## 3-14 ബജറ്റിൽ വകയിരുത്താതെ തുക ചെലവഴിച്ചു.

ബജറ്റിലും റിവൈസ്ഡ് ബജറ്റിലും വകയിരുത്താതെ താഴെ പറയുന്ന പദ്ധതികൾക്കായി തുക ചിലവഴിച്ചിട്ടുണ്ട്.

| ക്രമ. നം | പ്രോജക്ടിന്റ പേര് | പ്രോജക്ടിന്റ നം. | അടങ്കൽ തുക | ചെലവായ തുക | ബിൽനമ്പർ/ തീയതി |
|---|---|---|---|---|---|
| 1 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി | SOO93/18 | 250000/- (വികസനഫണ്ട് പോതുവിഭാഗം) | 250000/- (വികസനഫണ്ട് പൊതു വിഭാഗം) | PO3/17-18 dt.11.1.2018 |
| 2 | സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതി | SO119/18 | 45000/- (വികസനഫണ്ട് പോതുവിഭാഗം) | 10500/- (വികസന ഫണ്ട് പൊതു വിഭാഗം) | P17/17-18 dt.28.03.2018 |
| 3 | | | | | |

മൃഗസംരക്ഷണം ക്ഷീരവികസനം വർക്കിംഗ് ഗ്രൂപ്പിന്റെ സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം കന്നുകുട്ടി പരിപാലനത്തിൽ കൂടുതൽ കന്നുകുട്ടികളെ ഉൾപ്പെടുത്താനും, കന്നുകാലികൾക്കുണ്ടാകുന്ന ആകസ്മിക മരണം, വന്ധ്യത, അകിടുവീക്കം എന്നിവയാലുണ്ടാകുന്ന നഷ്ടം നികത്തുന്നതിനായി ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിനും തീരുമാനിക്കുകയും ആയതിനായിട്ടുള്ള പദ്ധതികൾ പദ്ധതി ലക്ഷ്യത്തിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ 2017-18 സാമ്പത്തിക വർഷത്തിലെ ബജറ്റിലും റിവൈസ്ഡ് ബജറ്റിലും പ്രസ്തുത പദ്ധതികൾക്കായി തുക വകയിരുത്തിയിട്ടില്ല. ബജറ്റിൽ വകയിരുത്താതെ പ്രസ്തുത പദ്ധതികൾക്കായി തുക ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നൽകിയ ബജറ്റ് നിർദ്ദേശങ്ങളുമായി ബന്ധപ്പെട്ട രേഖകൾ ലഭ്യമാകാത്തതിനാൽ പ്രസ്തുത പദ്ധതികൾ ബജറ്റ് നിർദ്ദേശത്തിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമല്ല. മാത്രമല്ല ബജറ്റ് ക്രോഡീകരണ യോഗത്തിലും റിവൈസ്ഡ് ബജറ്റ് തയ്യാറാക്കുന്ന വേളയിലും വികസനകാര്യ സ്റ്റാന്റിംഗ്കമ്മിറ്റിയുടെയും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെയും ശ്രദ്ധയിൽ പ്രസ്തുത വിഷയം വന്നിട്ടില്ല. ബജറ്റ് നിർദ്ദേശങ്ങൾ നൽകുന്നതിലും ബജറ്റ് തയ്യാറാക്കുന്നതിലും വികസനകാര്യ സ്റ്റാന്റിംഗ്കമ്മിറ്റിയും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയും ക്രിയാത്മകമായ ഇടപെടലുകൾ നടത്തുന്നതിന് ശ്രദ്ധചെലുത്തേണ്ടതാണ്.

## 3-15 ഗുണഭോക്താക്കളെ തിരഞ്ഞെടുത്തതിലെയും മോണിറ്ററിംഗിലെയും അപാകത – പദ്ധതി ലക്ഷ്യം കൈവരിച്ചില്ല

വെറ്ററിനറി സർജൻ നിർവ്വഹണോദ്യോഗസ്ഥനായ താഴെ പറയുന്ന പദ്ധതികളിൽ ഗുണഭോക്താക്കളെ തിരഞ്ഞെടുത്തതിലെ അപാകത മൂലം പദ്ധതി ലക്ഷ്യം കൈവരിച്ചില്ല.

| ക്രമ നം. | പ്രോജക്റ്റ് നം. | പ്രോജക്റ്റിന്റെ പേര് | അടങ്കൽ തുക | ചെലവായ തുക | പദ്ധതി പ്രകാരമുള്ള ഗുണഭോക്താക്കളുടെ എണ്ണം | ഗുണഭേക്തൃ ലിസ്റ്റ് പ്രകാരം ഗുണഭോക്താക്കളുടെ എണ്ണം | ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|---|---|---|---|
| 1 | SO010/18 | പാലിന് സബ്സിഡി നൽകൽ | 2,89,313/- | 1,33,865/- | 68 | 46 | 23 |
| 2 | S0119/18 | സമഗ്ര കന്നുകാലി ഇൻഷ്വറൽസ് പദ്ധതി | 45,000/- | 10,500/- | 60 | 81 | 14 |

പഞ്ചായത്ത് അംഗീകരിച്ച ഗുണഭോക്തൃപട്ടികയിൽ ആവശ്യമായ ഗുണഭോക്താക്കൾ ഉണ്ടായിരുന്നിട്ടും പദ്ധതി പൂർണ്ണമായി നടപ്പിലാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടിയായി പാലിന് സബ്സിഡി നൽകൽ പദ്ധതിയിൽ പഞ്ചായത്ത് അംഗീകരിച്ച ഗുണഭോക്തൃപട്ടികയിൽ ഉൾപ്പെട്ട 23 പേർ മാത്രമേ അപേക്ഷ നല്കിയിരുന്നുള്ളൂ എന്നും സമഗ്ര കന്നുകാലി ഇൻഷ്വറൽസ് പദ്ധതിയിൽ 14ഗുണഭോക്താക്കൾ മാത്രമേ സന്നദ്ധത കാണിച്ച് ആശുപത്രിയിൽ രേഖകൾ സമർപ്പിച്ചിരുന്നുള്ളൂ എന്നുമുള്ള മറുപടിയാണ് നൽകിയത്.

ഗ്രാമപഞ്ചായത്ത് നടപ്പിലാക്കുന്ന പദ്ധതിയുടെ ഭാഗമായി പദ്ധതിയുടെ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിന് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ 03.04.17-ലെ ജി.ഒ.(എം.എസ്)നം.80/17/ ത.സ്വ.ഭ.വ. പ്രകാരം നൽകിയിട്ടുണ്ട്. ആവശ്യമുള്ള മുഴുവൻ പേരുടെയും അപേക്ഷ സ്വീകരിച്ച് അർഹതാ മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ കരട് ലിസ്റ്റ് വർക്കിംഗ് ഗ്രൂപ്പ് തയ്യാറാക്കേണ്ടതും മുൻഗണനാ മാനദണ്ഡങ്ങളുടെയും ഫീൽഡ് പരിശോധനയുടെയും അടിസ്ഥാനത്തിൽ കരട് മുൻഗണനാ ലിസ്റ്റ് തയ്യാറാക്കി, ആയത് അപേക്ഷ സഹിതം ഗ്രാമസഭയിൽ അവതരിപ്പിച്ച് അന്തിമ ലിസ്റ്റ് തയ്യാറാക്കി ഭരണസമിതിയുടെ അംഗീകാരത്തിന് നൽകേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്.

എന്നാൽ പ്രസ്തുത പദ്ധതികൾക്കായി ഗുണഭോക്തൃപട്ടിക തയ്യാറാക്കിയത് മേൽ നടപടിക്രമം പാലിച്ചല്ല. ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടവരിൽ നിർവ്വഹണോദ്യോഗസ്ഥന് അപേക്ഷ സമർപ്പിച്ചവർക്ക് മാത്രമേ ആനുകൂല്യം നൽകിയിട്ടുള്ളൂ. നിർവ്വഹണോദ്യോഗസ്ഥൻ ഉൾപ്പെട്ട മൃഗസംരക്ഷണം ക്ഷീരവികസനം വർക്കിംഗ് ഗ്രൂപ്പിന് അർഹരായ ഗുണഭോക്താക്കളെ കണ്ടെത്താൻ സാധിച്ചിട്ടില്ലെന്ന് വ്യക്തമാണ്. മാത്രമല്ല പ്രസ്തുത പദ്ധതികളുടെ മോണിറ്ററിംഗ് റിപ്പോർട്ടും പദ്ധതിയ്ക്കൊപ്പം ലഭ്യമായില്ല. മൃഗസംരക്ഷണം ക്ഷീരവികസനം വർക്കിംഗ് ഗ്രൂപ്പ് പദ്ധതി നിർവ്വഹണ ഘട്ടത്തിൽ മോണിറ്ററിംഗ് കമ്മിറ്റിയായി മാറിയിട്ടില്ല.

## 3-16 ജാഗ്രതാ സമിതി - മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | – S0080/18 |
| അടങ്കൽ തുക | – 10000/- (വികസനഫണ്ട് പോതുവിഭാഗം) |
| ചെലവ് തുക | – 10000/-(വികസനഫണ്ട് പോതുവിഭാഗം) |
| ബിൽ നമ്പർ /തീ. | – 16-JS-2017-18 തീ.18.11.17 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | – ICDS സൂപ്പർവൈസർ |

സ്ത്രീകളുടെയും പെൺകുട്ടികളുടെയും സുരക്ഷിതത്വം, പ്രശ്നങ്ങൾ പരിഹരിക്കൽ, സമാധാനം ഉറപ്പ് വരുത്തൽ എന്നീ ലക്ഷ്യങ്ങൾ നേടുന്നതിനായി നടപ്പിലാക്കിയ പ്രസ്തുത പദ്ധതിയിൽ 6,000/- രൂപ വനിതാ വക്കീലിന്റെ സിറ്റിംഗ് ഫീസ് ഇനത്തിലും 2,500/- രൂപ ആവശ്യമായ രജിസ്റ്ററുകൾ വാങ്ങുന്നതിനും 1,500/- രൂപ കത്തിടപാടിന്റെ സാധനങ്ങൾ വാങ്ങുന്നതിനും ആയിട്ടാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. എന്നാൽ 'വാസു ബുക്ക്സ് & സ്റ്റേഷണറി ' എന്ന സ്ഥാപനങ്ങത്തിൽ നിന്ന് 8,890/-രൂപയ്ക്ക് രജിസ്റ്റർ ബുക്കും 1,110/ രൂപയ്ക്ക് പേപ്പർ , ടാഗ് മുതലായ സ്റ്റേഷണറി സാധനങ്ങളും വാങ്ങുവാനാണ് ചെലവഴിച്ചത്. പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ള ലക്ഷ്യങ്ങളിൽ നിന്ന് വ്യതിചലിച്ച് പദ്ധതി നടപ്പിലാക്കിതിന് വിശദീകരണം ആവശ്യപ്പെട്ടതിന് തൃപ്തികമായ മറുപടി നല്കിയില്ല. മാത്രമല്ല ജാഗ്രതാസമിതിയുടെ പ്രവർത്തനം സംബന്ധിച്ച റിപ്പോർട്ടും ലഭ്യമാകിയില്ല.

എല്ലാ അവകാശങ്ങളും സ്വാതന്ത്ര്യങ്ങളും സ്ത്രീകൾക്ക് അനുഭവിക്കാൻ കഴിയുന്ന സാമൂഹികസാഹചര്യം ഉണ്ടാക്കുക എന്ന ലക്ഷ്യത്തോടെയാണ് ജാഗ്രതാസമിതികൾ രൂപീകരിച്ചിട്ടുള്ളത്. എല്ലാ ഗ്രാമസഭകളിലും

ജാഗ്രതാസമിതിയുടെ അന്നുവരെയുള്ള പ്രവർത്തനം ജാഗ്രതാസമിതി റിപ്പോർട്ടാക്കി അവതരിപ്പിക്കുവാനും വ്യവസ്ഥയുണ്ട്. കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 164എ(5) പ്രകാരം വാർഡുതല/പഞ്ചായത്തുതല ജാഗ്രതാസമിതിയുടെയും യോഗങ്ങൾ എല്ലാ മാസവും ഒരു തവണയെങ്കിലും വിളിച്ചുകൂട്ടേണ്ടതുമുണ്ട്. കൂടാതെ 28.03.17-ലെ ജി.ഒ എം എസ് നം.72/17/തസ്വഭവ പ്രകാരം ജാഗ്രതാസമിതികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിലേക്ക് കൗൺസിലിംഗ് ഉൾപ്പെടെ ഉള്ള പ്രവർത്തനങ്ങൾ നടത്തണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

സ്ത്രീകൾക്കും കുട്ടികൾക്കും എതിരെ എന്തു സംഭവിച്ചാലും ഇടപെടാനും വേണ്ട പിന്തുണ നൽകാനും തൊട്ടടുത്തുള്ള ഒരു ജനകീയ ഔദ്യോഗിക സംവിധാനമായി പ്രവർത്തിക്കാൻ കഴിയുന്ന വിധം ജാഗ്രതാസമിതികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിലേക്ക് പദ്ധതികൾ വിഭാവനം ചെയ്യുന്നതിന് ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ സത്വരശ്രദ്ധ ക്ഷണിക്കുന്നു.

## 3-17 ചെലവ് രേഖ ഹാജരാക്കിയില്ല – 12881/-തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നമ്പർ – S0063/18
പ്രോജക്ടിന്റെ പേര് – പകൽവീട്
അടങ്കൽ തുക – 2,50,000/- (വികസനഫണ്ട് പൊതു വിഭാഗം)
ചെലവ് തുക – 1,62,642/- (വികസനഫണ്ട് പൊതു വിഭാഗം)

| | |
|---|---|
| ബിൽ നം. 06-PV -17-18 dtd 17.8.2018 | 15535 |
| ബിൽ നം. 07-PV -17-18 dtd 17.8.2018 | 27042 |
| ബിൽ നം. 14-PV -17-18 dtd 19.12.2017 | 48518 |
| ബിൽ നം. 09-PV -17-18 dtd1.9.2017 | 9000 |
| ബിൽ നം. 17-PV -17-18 dtd 15.3.2018 | 43903 |
| ബിൽ നം. PV -17-18 dtd 28.3.2018 | 5763 |
| ബിൽ നം. PV -17-18 dtd 28.3.2018 | 12881 |

.

ICDS സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായുള്ള പ്രസ്തുത പദ്ധതിയിൽ പഞ്ചായത്തിൽ നിന്ന് ലഭിക്കുന്ന വികസനഫണ്ട് ഉപയോഗിച്ച് പകൽവീട് അന്തേവാസികൾക്ക് പ്രഭാതഭക്ഷണം, ഉച്ചഭക്ഷണം, വൈകുന്നേരം ലഘുഭക്ഷണം എന്നിവ വിതരണം ചെയ്യുന്നതിനായിട്ടാണ് വിഭാവനം ചെയ്തിട്ടുള്ളത്. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് ഫയലിനൊപ്പം 12,881/-രൂപ (Bill.no.PV-1-18 dt.28.03.18) ചെലവഴിച്ചതിന്റെ രേഖകൾ ലഭ്യമല്ല. ആയത് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്കുള്ള മറുപടിയോടൊപ്പം കൈപ്പറ്റ് രസീതിന്റെ പകർപ്പാണ് ഹാജരാക്കിയത്. ആയത് ഓഡിറ്റ് അംഗീകരിക്കുന്നില്ല. ആയതിനാൽ 12,881/- രൂപ തടസ്സപ്പെടുത്തുന്നു. ചെലവ് രേഖ ഓഡിറ്റിന് ഹാജരാക്കുന്ന മുറയ്ക്ക് തടസ്സം ഒഴിവാക്കുന്നതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
| --- | --- | --- | --- | --- | --- |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 238500<br>350000<br>20400 | 1. സ്കോളർഷിപ്പ് ഐ.സി.ഡി എസ്<br>2.പാലിന് സബ്സിഡി<br>3.ഹരിതകേരളം | 238500<br>350000<br>20400 | |
| ജില്ലാ പഞ്ചായത്ത് | 2017-18 | 119250<br>50000<br>20400 | 1. സ്കോളർഷിപ്പ് ഐ.സി.ഡി എസ്<br>2.പാലിന് സബ്സിഡി<br>3.ഹരിതകേരളം | 119250<br>50000<br>20400 | |

## 4-2 നിക്ഷേപ പ്രവർത്തനങ്ങൾക്ക നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
| --- | --- | --- | --- | --- |
| കേരള വാട്ടർ അതോരിറ്റി | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (186/18) | 220000 | --- | 220000 |
| കേരള വാട്ടർ അതോരിറ്റി | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (166/18) | 950000 | 766765 | 183235 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
| --- | --- | --- | --- | --- | --- | --- |
| | | | | മുതൽ | പലിശ | |

| | | | | | | |
|---|---|---|---|---|---|---|
| EMS ഭവന പദ്ധതി | സ.ഉ(സാധാ) നം.275/2010/ lsgd dated 27-01-2010 | 15651000 | 4614853 | 1565100 | 349997 | 3049753 (മുതൽ) |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ/തീയതി |
|---|---|---|---|---|---|
| 1 | 2014-15 | പാർട്ട്-2 – പാര 2.1 & 2.2 | 27534 | മോഹനൻ ചെട്ടിയാർ | 11713010 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

## 4-8 ചാർജ്-സർചാർജ് നടപടികളുടെ വിവരം

**(എ)** ഓഡിറ്റ് പ്രത്യവലോകനം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 79871963 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 79641808 |
| വരവിനങ്ങളിലെ നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലെ നഷ്ടം | : | 4745 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 366402 |

**(ബി)** പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-6 | 4745 | ശ്രീമതി രമാകുമാരി.<br>അസി. എഞ്ചിനീയർ |

**(സി)** ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 176306 | ശ്രീ.ബി.റഫീക്ക്,<br>സെക്രട്ടറി<br>അൽ ഫജ്ർ,<br>ഗുരുകുലം നഗർ , പേരൂർക്കട. |
| 3-9 | 59172 | ഡോ.മനോജ് കുമാർ .പി ആർ,<br>മെഡിക്കൽ ഓഫീസർ പി.എച്ച്,<br>സിസതാര്യ, സാരാഭായി നഗർ-29<br>കരകുളം പി.ഒ |
| 3-12 | 13043 | ശ്രീ.വിജയൻനായർ,<br>ഹെഡ്മാസ്റ്റർ<br>നൈമിഷാരണ്യം,<br>ആനാട്. പി.ഒ |
| 3-13 | 105000 | ഡോ.അഖില,<br>വെറ്ററിനറി സർജൻ<br>ഉത്രാടം.കൊഞ്ചിറ.P.O,<br>വെമ്പായം |
| 3-17 | 12881 | ശ്രീമതി.കല,<br>ഐ.സി.ഡി.എസ് സൂപ്പർവൈസർ<br>ഷീജ ഭവൻ, പഴവടി,<br>നെടുമങ്ങാട് |

**(ഡി)** റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി രമാകുമാരി<br>അസി.എൻജിനീയർ | അസി. എൻജിനീയർ, ആനാട് ഗ്രാമ പഞ്ചായത്ത് | ശ്രീമതി, രമാ ദേവി.ബി.ആർ,<br>കൃഷ്ണകൃപ,സുവർണ്ണ നഗർ,<br>കുളപ്പട.പി.ഒ |

ഈ) ഭരണതല നടപടിയ്ക്ക് ശുപാർശ ചെയ്ത ഖണ്ഡികകളുടെ വിവരം.

ഇല്ല

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ട്

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2000-2001 | കെ.എസ് എ ടി .വി എം.ജി.പി 6/977/2018 തീയതി 4/6/18 | 1 |
| 2001-2002 | | 2 |
| 2002-2003 | | 3 |
| 2003-2004 | | 1 |
| 2004-2005 | | 1 |
| 2005-2006 | | 2 |
| 2006-2007 | | 2 |
| 2007-2008 | | 1 |
| 2008-2009 | | 2 |
| 2009-2010 | | 2 |
| 2010-2011 | | 10 |
| 2011-2012 | | 11 |
| 2013-2014 | | 5 |
| 2014-2015 | | 13 |
| 2016-17 | നം.കെ.എസ്.എ.റ്റി.വി.എം./ജി.പി.6/ 1714/17 തീയതി11.08.17 | 12 |

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

*edited : ബിഎൽ.*

## അനുബന്ധം 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് (4)- 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215 വകുപ്പ് അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ആനാട് ഗ്രാമപഞ്ചായത്തിന്റെ **2017-18** സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ വിശദീകരിച്ചിട്ടുള്ളതും ചുവടെ ചേർത്തിട്ടുള്ള ന്യൂനതകളുമൊഴികെ ആനാട് ഗ്രാമപഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രിക 2017-18 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു. ഇത് തയ്യാറാക്കിയത് 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215 വകുപ്പും 2003 ജൂൺ 12ലെ നമ്പർ 3/19/2003/ധന തീയതി 12.06.2003 ഉത്തരവും അനുസരിച്ചാണ്.

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.